തൊഴിലെടുക്കുന്ന സ്ത്രീകൾ
പ്രശ്നങ്ങളും പോരാട്ടവും

കിലെയുടെ 40-ാം വാർഷിക ഉദ്ഘാടനം
ഒരു അവലോകനം

മുഖം മാറുന്ന എംപ്ലോയ്മെന്റ്
എക്സ്ചേഞ്ചുകൾക്ക്
മുഖ്യമന്ത്രിയുടെ അവാർഡ്

# കിലെ ന്യൂസ്

2018 മാർച്ച്-ഒക്ടോബർ



# കരളുറപ്പോടെ കേരളത്തെ ഉയർത്തുമ്പോൾ

ഈ നാടിനെ ഉയർത്താൻ നാമോരോരുത്തരും സ്വയം അർപ്പിക്കേണ്ട നാളുകളാണു മുന്നിൽ.
അമേരിക്കൻ അണുബോംബു നീറ്റിയ ചാരത്തിൽനിന്നു ലോകസാമ്പത്തിക ശക്തിയായി
കൊച്ചു ജപ്പാനെ പുനർരചിച്ച ഇച്ഛാശക്തി. ഒരു വിജിഗീഷുവിനും താഴ്ത്താനാകാത്ത
ജീവിതത്തിന്റെ കൊടിപ്പടം നെഞ്ചിൽപ്പേറി ഈ കൊച്ചുകേരളവും പുതിയചരിത്രം രചിക്കാൻ പോകുകയാണ്.


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്
തിരുവനന്തപുരം













2018 ഫെബ്രുവരിക്കുശേഷം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പുറത്തിറക്കുന്ന 'കിലെ-ന്യൂസ് ' എന്ന മലയാളം പ്രസിദ്ധീകരണമാണിത്. 1978-ൽ തൊഴിലാളി ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച കിലെ-യുടെ പ്രവർത്തനങ്ങൾ 40 വർഷം പിന്നിട്ടിരിക്കുന്നു. ഇതിന്റെ 40-ാം വാർഷികത്തിന്റെ ഉദ്ഘാടനം 12.03.2018-ൽ വി.ജെ.ടി ഹാളിൽ വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണനും പല ഉന്നത ഉദ്യോഗസ്ഥരും വാർഷിക ആഘോഷങ്ങളിൽ പങ്കെടുത്തു. വാർഷിക ആഘോഷങ്ങളുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ 600-ൽ അധികം തൊഴിലാളി സംഘടന നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും നടത്തി. വിവിധ വിഷയങ്ങളിൽ തൊഴിലാളികൾക്കും തൊഴിലാളി സംഘടന നേതാക്കൾക്കും കേരളത്തിലെ പല ജില്ലകളിലും വച്ച് വിവിധ ഇനം പരിശീലന പരിപാടികൾ കിലെ-യുടെ നേതൃത്വത്തിൽ പതിവായി സംഘടിപ്പിച്ചുവരുന്നു.

2018 ജൂൺ 12-ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ് സെമിനാറും അതിനോടനുബന്ധിച്ച് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും "എ പ്ലസ്" ലഭിച്ച തിരുവനന്തപുരം ജില്ലയിലെ തൊഴിലാളികളുടെ മക്കളെ മെമന്റോ നൽകി ആദരിക്കുകയുമുണ്ടായി. എസ്.എസ്.എൽ.സി-ക്കാരായ 183 പേരും പ്ലസ് ടു ക്കാരായ 43 പേരും അക്കൂട്ടത്തിൽപ്പെടും.

കേരളത്തിലെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്ക് ആൾ ഇന്ത്യ സിവിൽ സർവീസിൽ ഇപ്പോഴും പ്രാതിനിധ്യം തീരെകുറവാണ്. ഈ ന്യൂനത പരിഹരിക്കാൻ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് ഉൾപ്പെടെ ഉന്നത നിലവാരത്തിലുള്ള ഉദ്യോഗലബ്ധിക്കുവേണ്ടി മത്സര പരീക്ഷകളെഴുതാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലന ഗവേഷണ പദ്ധതികൾക്ക് ഒരു നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ വിഭാഗം തോട്ടം തൊഴിലാളികൾക്കും, അതിഥി തൊഴിലാളികൾക്കും (migrant workers) ഗുണപ്രദമായ രീതിയിൽ പരിശീലനം നൽകുവാനും ഉദ്ദേശമുണ്ട്. അതിഥി തൊഴിലാളികളെക്കുറിച്ചും ബോണ്ടഡ് തൊഴിലാളികളെക്കുറിച്ചും സ്വന്തമായി ഗവേഷണം നടത്തുവാൻ കിലെ തീരുമാനിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടുകൂടി ഗവേഷണം നടത്താനുള്ള 6 വിഷയങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. നഴ്സിംഗ് മേഖലയിലെ ജീവനക്കാർക്കും, തെരുവോര കച്ചവടക്കാർക്കും ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ്. വിവിധ മേഖലകളിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ സംഘടന നേതാക്കൾക്കും പരിശീലനം നൽകുവാൻ പദ്ധതിയുണ്ട്. ഈ ലക്കം 'കിലെ-ന്യൂസ്'-ൽ വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ ലേഖനങ്ങളും അവയോടനുബന്ധിച്ച കലാസാഹിത്യ മേഖലകളിലെ സൃഷ്ടികൾക്കും ഇടംനൽകിയിട്ടുണ്ട്. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ നടന്ന കേരളം കണ്ട ഏറ്റവും ദുരിതപൂർണമായ പ്രളയത്തെക്കുറിച്ചും ഈ ലക്കത്തിൽ വ്യക്തമായ പ്രതിപാദ്യമുണ്ട്. മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് അകമഴിഞ്ഞ സഹായം നൽകി ഒരു പുന: കേരള സൃഷ്ടിക്ക് എല്ലാവരും നിർലോഭമായ സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**വി.ശിവൻകുട്ടി**
ചെയർമാൻ

ഉള്ളടക്കം




6 വികസനം
തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനം കിലെയിലൂടെ
പിണറായി വിജയൻ





10 തൊഴിലിടം
തൊഴിലെടുക്കുന്ന സ്ത്രീകൾ പ്രശ്നങ്ങളും പോരാട്ടവും
വി. ശിവൻകുട്ടി





14 റിപ്പോർട്ട്
കിലെയുടെ 40-ാം വാർഷിക ഉദ്ഘാടനം: ഒരു അവലോകനം





16 കവർസ്റ്റോറി
കരളുറപ്പോടെ കേരളത്തെ ഉയർത്തുമ്പോൾ
മനോജ് കെ. പുതിയവിള

19 വീക്ഷണം
ആഗോളവത്കരണവും ഉദാരവത്കരണവും തൊഴിലാളി ക്ഷേമ പശ്ചാത്തലത്തിൽ
എം. ഷജീന





20 സ്വയംതൊഴിൽ
കേരളത്തിലെ തൊഴിലും സ്വയംതൊഴിൽ അവസരങ്ങളും
എം.എ. ജോർജ്ജ് ഫ്രാൻസിസ്





25 അനുമോദനം
മുഖം മാറുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് മുഖ്യമന്ത്രിയുടെ അവാർഡ്
പി.കെ. ശങ്കരൻകുട്ടി





30 ആവാസ്
ആവാസ് അഷ്വറൻസ് സ്കീം അതിഥിത്തൊഴിലാളികൾക്ക് ഇനി സൗജന്യ ചികിത്സ
സി എഫ് ദിലീപ് കുമാർ

32 ക്ഷേമനിധി
കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് മികവാർന്ന പ്രവർത്തനങ്ങൾ
രഞ്ജിത് പി. മനോഹർ






36 റിപ്പോർട്ട്
വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ് 73-ാം വർഷത്തിലേയ്ക്ക്
വി. ശിവൻകുട്ടി

37 ലേഖനം
ഇരിപ്പിടം അവകാശം; നിയമഭേദഗതി പ്രാബല്യത്തിൽ
സി എഫ് ദിലീപ് കുമാർ

39 നിയമം
കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1958
ദീപു ഫിലിപ്

40 ആദിവാസി ക്ഷേമം
വയനാടൻ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ ശാക്തീകരണം എങ്ങനെ നടപ്പിലാക്കാം
പി. ജനാർദ്ദനൻ നായർ


43 ലേഖനം
കണ്ണില്ലാത്തവരുടെ ലോകത്തെ കണ്ണഞ്ചിപ്പിക്കുന്ന വിസ്മയങ്ങൾ
സുരേഷ്കുമാർ കുന്നത്തൂർ

45 സെമിനാർ
തൊഴിലാളികളുടെ മക്കളെ ആദരിക്കലും കരിയർ ഗൈഡൻസ് സെമിനാറും

46 ശിൽപശാല
"തൊഴിൽ നയം നടപ്പിലാക്കൽ കാഴ്ചപ്പാടും ദൗത്യവും" - ശിൽപശാല

47 പ്രസിദ്ധീകരണം
ഞാനും എന്റെ തൊഴിൽ നിയമങ്ങളും

ബിൽഡിംഗ് പീപ്പിൾ
കിലെ
ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം

# കിലെ ന്യൂസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) പ്രസിദ്ധീകരണം

2018 മാർച്ച്-ഒക്ടോബർ

**രക്ഷാധികാരി**
ടി.പി.രാമകൃഷ്ണൻ
തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി

**മാനേജിംഗ് എഡിറ്റർ**
വി. ശിവൻകുട്ടി
ചെയർമാൻ, കിലെ

**ചീഫ് എഡിറ്റർ**
എം. ഷജീന
എക്സിക്യുട്ടീവ് ഡയറക്ടർ, കിലെ

**എഡിറ്റർ**
പി.കെ. ശങ്കരൻകുട്ടി
കൺസൾട്ടന്റ്, കിലെ

**എഡിറ്റർമാർ-ഇൻ ചാർജ്**
കിരൺ ജെ.എൻ.
സീനിയർ ഫെലോ, കിലെ
ബൈജു ചന്ദ്രൻ
ഫെലോ (എംപ്ലോയ്മെന്റ്), കിലെ
ദീപു ഫിലിപ്
ഫെലോ (ലേബർ), കിലെ

**അസി. എഡിറ്റർ**
ടി.എസ്. ജയലാൽ
അക്കൗണ്ട്സ് അസിസ്റ്റന്റ്

**കവർ ഡിസൈൻ, ലേ ഔട്ട്**
രതീഷ് കുമാർ ആർ
rash8075559859@gmail.com

**ചിത്രങ്ങൾ**
കിലെ

**എഡിറ്റോറിയൽ സഹായം**
ജിഷ എ.എസ്
ജയശ്രീ എസ്
ഉമാദേവി എസ്
നസീജ എ.ആർ

**പ്രിന്റിംഗ്**
ഓറഞ്ച് പ്രിന്റേഴ്സ്
തിരുവനന്തപുരം

**വിലാസം**
ചീഫ് എഡിറ്റർ
കിലെ ന്യൂസ് (മലയാളം),
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തൊഴിൽ ഭവൻ, പിഎംജി,
തിരുവനന്തപുരം-33
ഇമെയിൽ: kiletvm@gmail.com
വെബ്: www.kile.kerala.gov.in
ഫെയ്സ്ബുക്ക്: Kile Tvm

*സൃഷ്ടികളുടെ പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രം*

## എഡിറ്റോറിയൽ



വൈകിയാണെങ്കിലും മികച്ച രീതിയിൽ തയ്യാറാക്കി ഈ ലക്കം 'കിലെ-ന്യൂസ് ' (മാർച്ച് - ഒക്ടോബർ 2018) പുറത്തിറക്കുന്നു. തൊഴിൽ, തൊഴിൽദാനം, തൊഴിലാളിക്ഷേമം, തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, 'കിലെ'-യുടെ 40-ാം വാർഷികം, തൊഴിലാളികളുടെ മക്കൾക്കായുള്ള കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾ തുടങ്ങിയവയും അനുബന്ധ മേഖലകളെക്കുറിച്ചും നിരവധി സൃഷ്ടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കേരളത്തെ കാർന്നുതിന്ന പ്രളയത്തെക്കുറിച്ചും പുനഃരധിവാസ കാര്യങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ലേഖനവും ഇതിൽ ചിത്രങ്ങൾ സഹിതം സ്ഥാനം പിടിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ, ആഗോളവൽക്കരണത്തിന്റെ പ്രസക്തിയിലുള്ള തൊഴിലാളിക്ഷേമം, ആദിവാസി തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, തൊഴിലാളികളുടെ മക്കൾക്കായുള്ള സിവിൽ സർവീസ് പരിശീലനം, തയ്യൽ തൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ചുള്ള വിവരണം, തൊഴിൽ നയം നടപ്പിലാക്കേണ്ടതിനെക്കുറിച്ചുള്ള ശിൽപശാല തുടങ്ങിയ നിരവധി കാര്യങ്ങൾ ഈ പ്രസിദ്ധീകരണത്തിലുണ്ട്. കൂടാതെ ചില സാഹിത്യസൃഷ്ടികൾക്ക് ഈ ലക്കത്തിലും ഇടം നൽകിയിട്ടുണ്ട്. ത്രൈമാസികമായി പ്രസിദ്ധീകരിക്കേണ്ട 'കിലെ-ന്യൂസ് ' ഇനി മുതൽ സമായസമയങ്ങളിൽ തന്നെ പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

ലേഖന രൂപത്തിലും വിവരണാത്മകമായും സാഹിത്യസൃഷ്ടികളായും ഈ ലക്കം പ്രസിദ്ധീകരണത്തിലേക്ക് വിഭവങ്ങൾ നൽകി സഹായിച്ച എല്ലാവരോടും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രസിദ്ധീകരണം ഞാൻ വായനക്കാർക്ക് സമർപ്പിക്കുന്നു.

**എം. ഷജീന**
എക്സിക്യൂട്ടീവ് ഡയറക്ടർ



# തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനം കിലെയിലൂടെ

**പിണറായി വിജയൻ**
മുഖ്യമന്ത്രി

സംസ്ഥാനത്ത് വ്യവസായ സൗഹൃദമായ അന്തരീക്ഷം വളർത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ജോലി ചെയ്യാതെ കൂലിവാങ്ങുന്ന പ്രവണതയെ ഒരു തൊഴിലാളി സംഘടനയും അംഗീകരിക്കില്ലെന്നും ഇക്കാര്യം തൊഴിലാളി സംഘടനാ നേതാക്കൾ ഒരേ മനസ്സോടെ വ്യക്തമാക്കിയിട്ടുള്ളതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (കിലെ) 12.3.18ൽ തിരുവനന്തപുരം വി.ജെ.ടി.ഹാളിൽ വച്ചു നടന്ന 40-ാം വാർഷികാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിൽ രംഗത്തെ തെറ്റായ പ്രവണതകൾക്കെതിരെ കർശന നിലപാടു സ്വീകരിക്കും. മിനിമം വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് ഭരണസംവിധാനത്തിന്റെ കടമയാണ്. അദ്ദേഹം കൂട്ടിചേർത്തു. അത് പാലിക്കപ്പെടാതിരിക്കുമ്പോഴാണ് പ്രതിഷേധങ്ങൾ ഉയരുന്നത്. ഇത്തരം പ്രതിഷേധങ്ങളെ അവഗണിക്കുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല.

സംസ്ഥാനത്തെ തൊഴിലാളികളോട് അനുഭാവപൂർവമായ നിലപാടാണു സർക്കാർ കൈക്കൊള്ളുന്നതെന്നും കേന്ദ്രം അടച്ചുപൂട്ടിയ പല തൊഴിൽ സ്ഥാപനങ്ങളും തുറക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ അടുത്ത ദശാബ്ദങ്ങൾക്കിടെ തൊഴിലാളികളുടെ ഇടപെടലുകൾ മൂലം ഒരു വ്യവസായസ്ഥാപനം പോലും പൂട്ടിപ്പോയിട്ടില്ലെന്നും തൊഴിലിടങ്ങളിൽ തൊഴിൽ ഉടമകളും തൊഴിലാളികളും തമ്മിൽ സൗഹാർദപരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കായി സിവിൽ സർവീസ് ഉൾപ്പെടെ ഉന്നത ശ്രേണികളിലേയ്ക്കുള്ള പരീക്ഷകൾക്കായി കിലെയുടെ നേതൃത്വത്തിൽ കോച്ചിംഗ് ക്ലാസ്സുകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.





**കുടിയേറ്റ തൊഴിലാളികൾക്ക് മികച്ച വാസഗൃഹങ്ങൾ നൽകുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ "അപ്നാഘർ" എന്ന പേരിലുള്ള പദ്ധതിക്കു തുടക്കംക്കുറിച്ചു. 640 പേർക്ക് ഇവിടെ താമസ സൗകര്യമുണ്ട്.**

# സർക്കാരിന്റെ തൊഴിലാളിക്ഷേമ നടപടികൾ



- തൊഴിൽ സംരക്ഷണവും സാമൂഹ്യസുരക്ഷിതത്വവും എല്ലാവിധ തൊഴിലാളികൾക്കും ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പാക്കി
- രാജ്യത്തെ ഏറ്റവും ഉയർന്ന മിനിമം വേജസ് പദ്ധതി വിവിധ വിഭാഗം തൊഴിലാളികൾക്ക് ഏർപ്പെടുത്തി
- തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് പുതിയ സംരംഭകത്വ പദ്ധതികൾ നടപ്പാക്കിവരുന്നു
- അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതിയുൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നടപ്പാക്കി.
- തൊഴിലാളികളുടെയും തൊഴിൽദായകരുടെയും പൂർണ സഹകരണത്തോടെ ആരോഗ്യകരമായ തൊഴിൽ സംസ്കാരം വളർത്തിയെടുത്തു.
- ഇഷ്ടത്തിനൊത്തജോലി, വിവേചനങ്ങൾക്കെതിരെ നടപടി, ബാലവേലാ നിരോധനം, തൊഴിലാളി സ്ത്രീ സുരക്ഷ, തുല്യവേലയ്ക്ക് തുല്യവേതനം തുടങ്ങിയവയ്ക്ക് പ്രാധാന്യം.
- തദ്ദേശതൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും (Migrant Labourers) ജീവിതസാഹചര്യങ്ങളും ആരോഗ്യപരിപാലനവും വർദ്ധിപ്പിച്ചു.
- സംസ്ഥാന തൊഴിൽ ശക്തിയുടെ അവിഭാജ്യഘടകമായ കുടിയേറ്റ തൊഴിലാളികളുടെ വേതനം ഗണ്യമായി ഉയർത്തി
- കുടിയേറ്റ തൊഴിലാളികൾക്ക് മികച്ച വാസ ഗൃഹങ്ങൾ നൽകുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ "അപ്നാഘർ" എന്ന പേരിലുള്ള പദ്ധതിക്കു തുടക്കംക്കുറിച്ചു. 640 പേർക്ക് ഇവിടെ താമസസൗകര്യമുണ്ട്.
- പരമ്പരാഗത തൊഴിൽമേഖലകളിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പാക്കി
- കയർ തൊഴിലാളികൾക്ക് കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തി. അടച്ചിട്ട കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാൻ നടപടികളെടുത്തു. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്തുപൂട്ടിയിട്ട 40 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചു.

- വിവിധ മേഖലകളിലെ വ്യാവസായിക ബന്ധസമിതികൾ (Industrial Relations Committees) പുനഃസംഘടിപ്പിച്ചു.
- കുടിയേറ്റ തൊഴിലാളികൾക്ക് ആവാസ് (AAWAS) ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി ലോകശ്രദ്ധപിടിച്ചുപറ്റി.
- കരട് തൊഴിൽ നയം പ്രഖ്യാപിച്ചു. കുറഞ്ഞ ദിവസക്കൂലി 600 രൂപയായി ഉയർത്തി.
- സർക്കാരിന്റെ വിവിധയിനം തൊഴിലാളിക്ഷേമ നടപടികളെ കക്ഷിഭേദമന്യേയുള്ള തൊഴിലാളി സംഘടനകളുടെ പ്രശംസപിടിച്ചുപറ്റി.
- മിനിമം വേതന ഉപദേശകസമിതി പുനഃസംഘടിപ്പിക്കുകയും ബന്ധപ്പെട്ട മേഖലകളിൽ വേതനവർദ്ധനവ് നൽകാൻ തീരുമാനിക്കുകയും ചെയ്തു.
- കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പെൻഷൻ അർഹതയ്ക്കുള്ള വാർഷികവരുമാനം 11000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തി.
- അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് വേജ് സെക്യൂരിറ്റി സ്കീം നടപ്പിലാക്കി. ഇതിൻ പ്രകാരം 164126 പേർക്ക് 1583 കോടിരൂപ ബാങ്കുവഴി വിതരണം ചെയ്തു. സ്വകാര്യമേഖലയിലെ 6756 തൊഴിൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- അടച്ചുപൂട്ടിയ കയർ, പ്ലാന്റേഷൻ, കശുവണ്ടി മേഖലകളിലെ ഫാക്ടറി തൊഴിലാളികൾക്ക് ഓണം പ്രമാണിച്ച് 2000 രൂപവീതം എക്സ്ഗ്രേഷ്യ അലവൻസും 10 കി.ഗ്രാം. അരിയും വിതരണം ചെയ്തു.
- ചിസ്പ്ലസ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം അനുസരിച്ച് 102498 പേർക്ക് ചികിത്സാസഹായമായി 83,58,70,745 രൂപ നൽകി.
- കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടി (Migrant Labourers) സാമൂഹ്യ സുരക്ഷയുടെ ഭാഗമായി ആവാസ് (AAWAS) ഇൻഷ്വറൻസ് സ്കീം നടപ്പാക്കി. ഈ പദ്ധതി ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയത് കേരളത്തിലാണ്. അപകട ഇൻഷ്വറൻസായി 2 ലക്ഷം രൂപ വീതവും ചികിത്സക്കായി 15000 രൂപയും ഓരോവ്യക്തിക്കും ഈ പദ്ധതി അനുസരിച്ച് ലഭിക്കും. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ കുടിയേറ്റ തൊഴിലാളികൾക്കു നൽകാൻ ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആരംഭിക്കും. ആവാസ് പദ്ധതിയിൽ നാളിതുവരെ ഒരു ലക്ഷത്തി അറുപതിനായിരം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- അസംഘടിത തൊഴിൽ മേഖലകളിലെ തൊഴിലാളി കുടുംബങ്ങളുടെ താമസത്തിനായി 'ജനനി' പ്രോജക്ട് ആരംഭിച്ചു. രണ്ടുമുറികളുള്ള ഫ്ളാറ്റുകളാണിവ. തുടക്കത്തിൽ ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഇതിന്റെ പണി ആരംഭിച്ചു.
- എംപ്ലോയ്മെന്റ് വകുപ്പിൽ തൊഴിൽ രഹിതർക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പാലക്കാട് ജില്ലയിലെ ചിറ്റൂർ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ എപ്ലോ. എക്സ്ചേഞ്ചിനോടനുബന്ധിച്ച് കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു. തൊഴിൽ മാർഗദർശനങ്ങൾക്കൊപ്പം വിവിധയിനം തൊഴിലുകൾ ലഭിക്കത്തക്കവിധമുള്ള മത്സര പരീക്ഷാ പരിശീലനവും ഈ സെന്ററുകളിൽ ലഭ്യമാണ്.
- പത്ത് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ചു എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചു. വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, നൈപു

**അടച്ചുപൂട്ടിയ കയർ, പ്ലാന്റേഷൻ, കശുവണ്ടി മേഖലകളിലെ ഫാക്ടറി തൊഴിലാളികൾക്ക് ഓണം പ്രമാണിച്ച് 2000 രൂപവീതം എക്സ്ഗ്രേഷ്യ അലവൻസും 10 കി.ഗ്രാം. അരിയും വിതരണം ചെയ്തു.**






ണ്യം തുടങ്ങിയവ വിലയിരുത്തി വിവിധയിനം സോഫ്റ്റ് സ്കിൽ വികസിപ്പിച്ചെടുക്കാനും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കാനും തൊഴിലധിഷ്ഠിതപരിജ്ഞാനം പ്രദാനം ചെയ്യാനുമാണ് ഈ സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, തൃശൂർ, മലപ്പുറം കോഴിക്കോട് കണ്ണൂർ ജില്ലകളിലാണ് ഇപ്പോൾ സെന്ററുകൾ പ്രവർത്തിക്കുന്നത്.

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതികളായ കെസ്റു, ശരണ്യ, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനം വിപുലപ്പെടുത്തികൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകി.
- പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളി സൗഹൃദരീതിയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സജീവ പരിഗണനയിലാണ്.
- ഫാക്ടറി തൊഴിലാളികളുടെ പരമ്പരാഗതവും തൊഴിൽജന്യ പരവുമായ രോഗങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരം കാണാനും നടപടികൾ സ്വീകരിച്ചുവരുന്നു.
- തൊഴിലാളികൾക്കു നൽകിവരുന്ന ഇ.എസ്.ഐ. ആനുകൂല്യങ്ങൾ മെച്ചപ്പെടുത്താൻ തീരുമാനിച്ചു. ആനുകൂല്യങ്ങൾ നേടാനുള്ള പ്രതിമാസം വരുമാനപരിധി 15000 രൂപയിൽ നിന്ന് 21000 രൂപയായി വർധിപ്പിച്ചു. 18 പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ അനുവദിച്ചു.
- എംപ്ലോയ്മെന്റ് വകുപ്പിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് തൊഴിൽരഹിതർക്കായി നിയുക്തിതൊഴിൽമേള സംഘടിപ്പിച്ചു. ഇതിൻപ്രകാരം 3238 പേർക്ക് തൊഴിൽ ലഭ്യമാക്കി. 6817 പേർക്ക് വിവിധയിനം തൊഴിലുകൾ നൽകാമെന്ന് തൊഴിലുടമകൾ വാഗ്ദാനം ചെയ്തു.





**തൊഴിലാളികൾക്കു നൽകി വരുന്ന ഇ.എസ്.ഐ. ആനുകൂല്യങ്ങൾ മെച്ചപ്പെടുത്താൻ തീരുമാനിച്ചു. ആനുകൂല്യങ്ങൾ നേടാനുള്ള പ്രതിമാസം വരുമാനപരിധി 15000 രൂപയിൽ നിന്ന് 21000 രൂപയായി വർധിപ്പിച്ചു.**

- സംസ്ഥാനത്തെ 10 ഐ.റ്റി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.
- വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന യുവജനങ്ങളുടെ ശേഷി വികസനത്തിനു (Skill Development) വേണ്ടി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധപദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പാക്കിവരുന്നു.
- 1978 ൽ തൊഴിലാളിക്ഷേമത്തിനായിപ്രവർത്തനം തുടങ്ങിയ കിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്) യുടെ നാല്പതാം വാർഷികം 12.3.18 ൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നാല്പതാം വാർഷികാഘോഷങ്ങളുടെ തുടർച്ചയായി സമസ്ത മേഖലയിലെ തൊഴിലാളികൾക്കും ട്രേഡ് യൂണിയൻ നേതാക്കൾക്കും നൂതനമായ രീതിയിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ചുനടപ്പാക്കിവരുന്നു. ഒപ്പം തൊഴിൽ വിഷയങ്ങളിലും അനുബന്ധ വിഷയങ്ങളിലും ഗവേഷണപരിപാടികളും നടക്കുന്നു തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് ഉൾപ്പെടെയുള്ള ഉദ്യോഗലബ്ധിക്കുവേണ്ടി മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ നടത്താനും നടപടികൾ സ്വീകരിച്ചുവരുന്നു.■





# തൊഴിലെടുക്കുന്ന സ്ത്രീകൾ പ്രശ്നങ്ങളും പോരാട്ടവും

വി. ശിവൻകുട്ടി
ചെയർമാൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

സ്വതന്ത്രരും സ്വയം പര്യാപ്തരുമായി ജീവിക്കാനാഗ്രഹിക്കുന്ന കോടിക്കണക്കിനുള്ള ഇന്ത്യൻ സ്ത്രീകൾക്കു മുമ്പിൽ കടുത്ത വെല്ലുവിളിയുടെ അന്തരീക്ഷമാണ് ഇന്ന് ഇന്ത്യാ രാജ്യത്ത് നിലനിൽക്കുന്നത്. തൊഴിലെടുക്കാനുള്ള അവസരനിഷേധം സമൂഹത്തിൽ ഇടപെടാനുള്ള അവകാശനിഷേധം കൂടിയാണ്. നവലിബറൽ നയങ്ങൾ രൂപപ്പെട്ടതോടെ തൊഴിലിന്റെ സ്വഭാവത്തിൽ വലിയ മാറ്റമാണ് രൂപപ്പെട്ടിരിക്കുന്നത്. ചൂഷണത്തിന്റേതായ പുതിയ സംവിധാനങ്ങൾ ഓരോ മേഖലയിലും വളർന്നുവരുന്നത് കൂടുതൽ ദോഷകരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. കരാർവൽക്കരണം, താല്ക്കാലികവൽക്കരണം, ഔട്ട്സോഴ്സിംഗ് തുടങ്ങിയ പുത്തൻ തലമുറ പ്രശ്നങ്ങളും അനാരോഗ്യകരമായ തൊഴിലന്തരീക്ഷം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, തുല്യജോലിക്ക് തുല്യ വേതന നിഷേധം, ലൈംഗികാതിക്രമങ്ങൾ, തൊഴിൽ സ്ഥിരതയില്ലായ്മ, പീസ്റേറ്റിൽ പണിയെടുപ്പിക്കൽ, സ്കീം തൊഴിലാളികളുടെ പ്രത്യേക പ്രശ്നങ്ങൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ തൊഴിൽ മേഖല

യിൽ നിലനിൽക്കുന്നു.

പരമ്പരാഗതം, വ്യാപാരം, വാണിജ്യം, ഐടി, മത്സ്യം, തോട്ടം, അൺഎയ്ഡഡ് വിദ്യാഭ്യാസമേഖല, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും സർക്കാർ, അർധ സർക്കാർ, പൊതുമേഖലയടക്കമുള്ള സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളും, അനുഭവിക്കുന്ന പ്രശ്നങ്ങളും ഏകതാനമായതല്ല, പൊതുവിൽ സ്ത്രീ എന്ന നിലയിലും തൊഴിലാളി എന്ന നിലയിലും സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങൾക്കൊപ്പം തൊഴിൽമേഖലയിലെ പ്രത്യേക പ്രശ്നങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടം അത്യന്താപേക്ഷിതമാണ്.

അത്തരം പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ തൊഴിലാളി പ്രസ്ഥാനങ്ങൾക്കൊപ്പം മഹിളാപ്രസ്ഥാനങ്ങളും മുൻകൈ എടുക്കേണ്ടതുണ്ട്. നിലവിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ മുഖ്യ അജണ്ടയിലേക്ക് സ്ത്രീ തൊഴിലാളികളുടെ സവിശേഷമായ പ്രശ്നങ്ങളും അവകാശ നിഷേധവും കടന്നുവരുന്നില്ല. ബോധപൂർവമായ ഇടപെടലിലൂടെ തൊഴിലെടുക്കുന്ന സ്ത്രീകളും പോരാട്ട ഭൂമികയിലേക്ക് കൊണ്ടുവരേണ്ട അടിയന്തിര ആവശ്യങ്ങളും ചർച്ച ചെയ്യണം. മഹിളാ പ്രസ്ഥാനങ്ങൾ പൊതുവിൽ സ്ത്രീസമൂഹം നേരിടുന്ന അരക്ഷിതത്വത്തിനും ജനാധിപത്യ അവകാശ നിഷേധങ്ങൾക്കുമെതിരെ നടത്തുന്ന പോരാട്ടങ്ങളുടെയും തിരക്കിട്ട സംഘടനാ പ്രവർത്തനങ്ങളുടെയുമിടയിൽ തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകാറില്ല. തൊഴിലും അതിജീവനവും ശാക്തീകരണ പ്രക്രിയയുടെ അടിസ്ഥാനങ്ങളെന്ന നിലയിൽ ഇടപെടാനും ജനാധിപത്യപരമായ തൊഴിൽ ബന്ധങ്ങൾ രൂപപ്പെടുത്താനും തൊഴിലാളി എന്ന നിലയിൽ ലഭിക്കേണ്ട പരിരക്ഷയിൽ നിന്ന് സ്ത്രീ തൊഴിലാളിയെ പുറംതള്ളപ്പെടാതിരിക്കാനുള്ള പോരാട്ടങ്ങളും ശക്തിപ്പെടുത്താൻ മഹിളാ പ്രസ്ഥാനങ്ങൾക്കാവണം.





**തൊഴിലും അതിജീവനവും ശാക്തീകരണ പ്രക്രിയയുടെ അടിസ്ഥാനങ്ങളെന്ന നിലയിൽ ഇടപെടാനും ജനാധിപത്യപരമായ തൊഴിൽ ബന്ധങ്ങൾ രൂപപ്പെടുത്താനും തൊഴിലാളി എന്ന നിലയിൽ ലഭിക്കേണ്ട പരിരക്ഷയിൽ നിന്ന് സ്ത്രീ തൊഴിലാളിയെ പുറംതള്ളപ്പെടാതിരിക്കാനുള്ള പോരാട്ടങ്ങളും ശക്തിപ്പെടുത്താൻ മഹിളാ പ്രസ്ഥാനങ്ങൾക്കാവണം.**

## പരമ്പരാഗത മേഖല

ആഗോളവൽക്കരണ കാലഘട്ടത്തിൽ ഏറ്റവും കുറഞ്ഞ കൂലിയും കൂടുതൽ അധ്വാനവും നിലനിൽക്കുന്ന മേഖലയാണ് കേരളത്തിന്റെ പരമ്പരാഗത മേഖല. കയർ, കൈത്തറി, കശുവണ്ടി, തോട്ടം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. ഒരുകാലത്ത് സുസംഘടിതമായിരുന്ന പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ത്രീകൾ നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളിലൂടെയാണ് സ്ത്രീകളുടെ അടിസ്ഥാന അവകാശങ്ങൾ നേടിയെടുത്തത്.

5 ലക്ഷത്തിലധികം തൊഴിലാളികളുണ്ടായിരുന്ന കയർമേഖലയിൽ ഇന്ന് ഒരു ലക്ഷത്തോളം തൊഴിലാളികളാണുള്ളത്. 600 ലധികം കയർ സംഘങ്ങളുമുണ്ട്. കുറഞ്ഞകൂലിയും വൃത്തിഹീനമായ തൊഴിലന്തരീക്ഷവുമാണ് സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. വൈവിധ്യവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും സഹായമായ രീതിയിലുള്ള പരിശീലനം

സ്ത്രീകൾക്ക് ലഭ്യമാക്കണം.

ഏകദേശം അരലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന കൈത്തറി മേഖലയിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷിതത്വ സംവിധാനങ്ങൾ ഉണ്ടാക്കണം.

3 ലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ തികഞ്ഞ അനീതിയും ചൂഷണവും അസമത്വവും നിലനിൽക്കുന്നു. വൃത്തിഹീനമായ തൊഴിലന്തരീക്ഷവും പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റാനുള്ള സൗകര്യമില്ലായ്മയും ശുദ്ധജലക്ഷാമവും നിലനിൽക്കുന്ന പല ഫാക്ടറികളുമുണ്ട്. മണിക്കൂറുകൾ കുത്തിയിരുന്ന് ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് തൊഴിൽ ജന്യ രോഗങ്ങൾക്കും സാധ്യതയേറെയാണ്. ആരോഗ്യകരമായ തൊഴിലിടം, ഇരിപ്പിടം, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, കുടിവെള്ളം, വൃത്തിയുള്ള ശുചിമുറികൾ എന്നിവ ഉൾപ്പെടെ ഒരുമുറിയെങ്കിലും ഓരോ ഫാക്ടറിയിലും ഉണ്ടാകണം.

മിനിമം കൂലി നിശ്ചയിച്ചിട്ടുള്ള മേഖലയാണെങ്കിലും പലയിടങ്ങളിലും മിനിമം വേജസ് നടപ്പാക്കിയിട്ടില്ല. തൊഴിൽ വകുപ്പിന്റെ കർശന ഇടപെടൽ ഈ കാര്യത്തിലുണ്ടാകണം. അവധി ശമ്പളം പലയിടങ്ങളിലും നിഷേധിക്കുന്നു.

തൂക്കത്തിൽ വെട്ടിപ്പു നടത്തി തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയാനാകണം.

റബ്ബർ, തേയില തോട്ടങ്ങളിൽ നിരവധി സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. മിനിമം കൂലി പലപ്പോഴും ലഭിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ പ്രഖ്യാപിക്കപ്പെട്ട ഇഎസ്ഐ, പി.എഫ്, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളും നിഷേധിപ്പപ്പെടുന്നുണ്ട്. പത്തും പതിനഞ്ചും വർഷങ്ങളായി പണിയെടുക്കുന്നവരെ പോലും പലപ്പോഴും സ്ഥിരപ്പെടുത്താറില്ല. ലയങ്ങളിലെ ജീവിതം ദുരിതപൂർണമാണ്.

ക്രഷ്, നഴ്സറി സംവിധാനങ്ങളുണ്ടാകണം.

ലയങ്ങൾ കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം.

നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാകുന്ന സംവിധാനങ്ങൾ ഉണ്ടാകണം.

മത്സ്യതൊഴിലാളി സ്ത്രീകളുടെ തൊഴിൽ സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. നടന്നുപോയി മത്സ്യവിപണനം നടത്തുന്നവരും ചന്തകളിലും ജംഗ്ഷനുകളിലും ഇരുന്നുമത്സ്യം വിൽക്കുന്നതുമായ തൊഴിലാളികളുണ്ട്.

ക്രഡിറ്റ് സൊസൈറ്റികൾ രൂപീകരിച്ച് വായ്പാസൗകര്യമുണ്ടാക്കണം. നിലവിൽ പലിശക്കാരുടെ കൈയിൽ നിന്ന് വൻതുക കടമെടുത്താണ് പലരും കച്ചവടം നടത്തുന്നത്. വൻ പലിശയും തിരിച്ചടവ് മുടങ്ങുമ്പോഴുണ്ടാകുന്ന പലവിധ പീഡനങ്ങളും അനുഭവിക്കേണ്ടതായും വരുന്നു.

മത്സ്യതൊഴിലാളി സ്ത്രീകൾക്ക് യാത്രാസംവിധാനം മെച്ചപ്പെടുത്തണം.

ഇരുന്നു കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് ബങ്കുകൾ (പെട്ടിക്കട) സ്ഥാപിക്കാനുള്ള സഹായം മത്സ്യഫെഡുവഴി നടപ്പിലാക്കണം.

ബാക്കിവരുന്ന മത്സ്യം സൂക്ഷിക്കാനായി കാനൻ ഫ്രീസർ (ഓരോ മേഖലയിലും) സ്ഥാപിക്കണം.

പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കണം.

ശുദ്ധജല ലഭ്യത ഉറപ്പാക്കണം.

കച്ചവട സ്ഥലങ്ങളിലെ സുരക്ഷിതത്വമില്ലായ്മയും സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളും തെരുവോരത്തിരുന്ന് കച്ചവടം നടത്തുന്നവർക്ക് നേരിടേണ്ടി വരുന്നു.

## അൺ എയ്ഡഡ് സ്കൂൾ – കോളേജ്

നിരവധി പ്രശ്നങ്ങൾ നേരിടുന്ന മേഖലയാണ് അൺ എയിഡഡ് വിദ്യാഭ്യാസ രംഗം സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖല പലപ്പോഴും മിനിമം വേതനം നൽകുന്നില്ലെന്നു മാത്രമല്ല, ബാങ്കുവഴി ലഭിക്കുന്ന മാസ വരുമാനം തിരിച്ചടക്കേണ്ടതായും വരാറുണ്ട്.

യഥാർത്ഥ പ്രശ്നങ്ങളെ സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തുന്നതു പോലും അച്ചടക്കലംഘനമായി വ്യാഖ്യാനിക്കുന്നു എന്നു മാത്രമല്ല അഭിപ്രായ സ്വാതന്ത്ര്യം പോലും ഇല്ലാത്തവരാണ് ഈ മേഖലയിലെ അധ്യാപികമാർ.

മാനേജ്മെന്റിന്റെ താല്പര്യത്തിനനുസരിച്ച് വസ്ത്രം പോലും ധരിക്കേണ്ടി വരാറുണ്ട്.



മാനേജ്മെന്റ് പ്രതീക്ഷിക്കുന്ന നിലവാരത്തിലുള്ള വിജയം ഓരോ വർഷവും കിട്ടിയില്ലെങ്കിൽ അധ്യാപകർ ശിക്ഷണ നടപടിക്ക് വിധേയരാകേണ്ടതായും വരാറുണ്ട്. സ്കൂൾ യൂണിവേഴ്സിറ്റി കലോത്സവങ്ങളിൽ ഗ്രേഡ് ഉറപ്പാക്കേണ്ടതും അധ്യാപകരുടെ ഉത്തരവാദിത്തമാക്കി മാറ്റിയിരിക്കുന്നു.

ഇരിക്കാനുള്ള സൗകര്യം, വിശ്രമമുറി, കുടിവെള്ള ലഭ്യത തുടങ്ങിയവയുടെ അപര്യാപ്തത പലയിടത്തുമുണ്ട്.

## നഴ്സിംഗ് – പാരാമെഡിക്കൽ മേഖല

മിനിമം വേതനം ലഭിക്കുന്നില്ല.

തൊഴിൽ സമയം പലയിടങ്ങളിലും നിർണയിക്കപ്പെട്ടിട്ടില്ല

തൊഴിൽ സുരക്ഷിതത്വമില്ല

ലൈംഗികാതിക്രമങ്ങൾ പുറത്തു പോലും പറയാൻ കഴിയാത്ത രീതിയി



ലാണ് രാത്രിജോലി ചെയ്യുന്നവർക്ക് ഏർപ്പെടുത്തേണ്ട മിനിമം സൗകര്യങ്ങൾ പോലും ഉറപ്പാക്കുന്നില്ല.

പ്രയാസങ്ങൾ പുറത്തു പറയാൻപോലും കഴിയാത്ത അവസ്ഥയുമുണ്ട്.

അനാരോഗ്യകരമായ തൊഴിലവസരങ്ങളും തൊഴിൽ ബന്ധങ്ങളും നിലനിൽക്കുന്നു.

പരാതിപ്പെട്ടികൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കണം. മാനേജ്മെന്റിന് തുറക്കാൻ കഴിയാത്തവിധത്തിലാകണം അത്. ലേബർ ഓഫീസും യൂണിയൻ പ്രതിനിധികളും അടങ്ങുന്ന അധികാരികൾ ആഴ്ചകളിൽ തുറന്ന് പരിശോധിച്ച് മാനേജ്മെന്റുമായി ചർച്ചചെയ്ത് പരിഹാരം ഉറപ്പാക്കണം. പരാതിക്കാരിയുടെ ഐഡന്റിറ്റി വെളിപ്പെടുത്താൻ പാടില്ല.

### ഐടി മേഖല

തൊഴിൽ സുരക്ഷിതത്വത്തിന്റെയും സാമൂഹ്യ സുരക്ഷിതത്വത്തിന്റെയും അഭാവമുള്ള മേഖലയാണിത്.

അസമയത്ത് ജോലിയും യാത്രയും ചെയ്യേണ്ടിവരുന്ന ഈ മേഖലയിലുള്ള സ്ത്രീകളുടെ സംരക്ഷണത്തിന് നിലവിൽ പ്രത്യേക സംവിധാനങ്ങളൊന്നുമില്ല.

പലവിധത്തിലുള്ള സമ്മർദങ്ങൾക്ക് വിധേയരാകേണ്ടി വരാറുണ്ട്. തൊഴിൽ സമയത്തിന്റെ പ്രത്യേകതകൾ കാരണം ആരോഗ്യവും മാനസികവുമായ പ്രശ്നങ്ങൾ നേരിടേണ്ടിയും വരുന്നു.

പലപ്പോഴും കുടുംബപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി തൊഴിൽ തന്നെ ഉപേക്ഷിക്കേണ്ടിയോ അല്ലെങ്കിൽ തൊഴിലിനു വേണ്ടി കുടുംബ ജീവിതം ഉപേക്ഷിക്കേണ്ടിയോ വരുന്ന സ്ഥിതി ഈ മേഖലകളിലെ സ്ത്രീകൾക്കുണ്ടാകാറുണ്ട്.

തൊഴിൽ നയത്തിന്റെ കൃത്യതയില്ലായ്മ, അധിക സമയം തൊഴിലെടുക്കേണ്ടി വരിക എന്നിവ സാധാരണമാണ്.

അവധി ലഭ്യമില്ലായ്മ, മെറ്റേർണിറ്റി ലീവ്, ബെനിഫിക്ട് ആക്ട് തുടങ്ങിയവ നടപ്പിലാക്കുന്നില്ല.

നൈറ്റ് ഷിഫ്റ്റിന് സുരക്ഷിതത്വമേർപ്പെടുത്തുന്നില്ല.

ക്രഷ് സംവിധാനം ഫ്ളാറ്റ് സൗകര്യങ്ങൾ കമ്പനികൾക്കു സമീപത്തു തന്നെ ഏർപ്പെടുത്തണം. ആയിരം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിൽ പോലും ക്രഷ് സംവിധാനമില്ല.

### ഗാർഹിക തൊഴിലാളികൾ/ ഹോം നെഴ്സസ്

കഴിഞ്ഞ പത്തു പതിനഞ്ചു വർഷത്തിനുള്ളിൽ ഗ്രാമനഗര ഭേദമെന്യേ രൂപപ്പെട്ട നൂതന തൊഴിലാളി വിഭാഗമാണ് ഹോം നെഴ്സസ്. രോഗീ പരിചരണം, ശിശുപരിചരണം, അടുക്കള ജോലി എന്നിവയാണ് പ്രധാനമായും ഈ മേഖലയിൽ ഉള്ളവർ ചെയ്യേണ്ടിവരുന്നത്. കുടുംബങ്ങളുമായി അടുത്തിടപഴകുന്നവരെന്ന നിലയിൽ നിരവധിയായ ചൂഷണങ്ങൾക്കും വിധേയരാവേണ്ടി വരുന്നു. ഇടനിലക്കാരായ ഏജൻസികൾ തൊഴിലാളിക്കു ലഭിക്കേണ്ട വേതനത്തിന്റെ വലിയ പങ്കുകവരുകയും ചെയ്യുന്നു. കമ്മീഷൻ പറ്റിക്കൊണ്ട് തൊഴിലാളികളെ വിന്യസിക്കുന്നുവെന്നതിനു പുറമെ യാതൊരു തരത്തിലുള്ള ക്ഷേമ, സുരക്ഷിതത്വ, പരിശീലന പ്രവർത്തനങ്ങളും ഏജൻസികൾ നിർവഹിക്കുന്നില്ല. തൊഴിലാളികളുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്ന ഏജൻസികളെ നിരോധിക്കണം. പകരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു എംപ്ലോയ്മെന്റ് സെന്റർ/ ലേബർ ബാങ്ക് ഉണ്ടാക്കണം. തൊഴിൽ അന്വേഷകരുടെയും തൊഴിൽ ദാദാക്കളുടെയും രജിസ്ട്രേഷൻ, പരിശീലനം ഡെവലപ്മെന്റ്, വെൽഫയർ എന്നിവ സാധ്യമാക്കുന്ന തരത്തിൽ എംപ്ലോയ്മെന്റ് സെന്റർ/ ലേബർ ബാങ്ക് പ്രവർത്തിക്കണം വിവിധ തൊഴിലാളികളുടെ പരിശീലനങ്ങൾ, തുടർ പരിശീലനങ്ങൾ, വായ്പാ സൗകര്യങ്ങൾ, മോണിറ്ററിംഗ് എന്നിവ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കണം.

മിനിമം കൂലി, തൊഴിൽ സമയം, ലീവ് എന്നിവ നിർണയിക്കണം.

മിനിമം തൊഴിൽ സാഹചര്യങ്ങൾ (ഭക്ഷണം, താമസം, വസ്ത്രം) ഉറപ്പാക്കണം■

## പൊതു ആവശ്യങ്ങൾ

- മിനിമം കൂലി നടപ്പാക്കണം
- സ്ത്രീ തൊഴിലാളികൾ 15 പേരെങ്കിലും ഉള്ളടത്ത് ക്രഷ് സംവിധാനവും പ്രത്യേക വിശ്രമമുറിയും ഉണ്ടാകണം.
- തൊഴിൽ ജന്യ രോഗങ്ങൾക്കുള്ള പ്രത്യേക പരിരക്ഷ ഉറപ്പാക്കണം
- തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയുന്നതിന് കമ്മിറ്റികൾ എല്ലാ സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിലും രൂപീകരിച്ചു എന്ന് ഉറപ്പുവരുത്തണം.
- അസംഘടിത മേഖലയിൽ ലൈംഗികാതിക്രമം തടയുന്നതിനുള്ള ലോക്കൽ ലെവൽ (താലൂക്ക് തലം) കമ്മിറ്റികളും രൂപീകരിച്ചുവെന്ന് ഉറപ്പുവരുത്തണം.
- നിലവിലുള്ള പല കമ്മിറ്റികളും നിയമം അനുശാസിക്കുന്ന തരത്തിലല്ല രൂപീകരിക്കപ്പെട്ടിരിക്കുന്നത്. കർശനമായ പരിശോധനയും മോണിറ്ററിംഗും ഉണ്ടാകണം.
- കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം ലഭ്യമാക്കണം.
- പരാതിപ്പെട്ടികൾ എല്ലാ ആശുപത്രി, സ്കൂൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കണം, ആഴ്ചയിൽ ഒരിക്കൽ തുറന്ന് പരിശോധിച്ച് പരിഹാരം ഉറപ്പാക്കണം.
- പ്രസവാനുകൂല്യം അസംഘടിത മേഖലയിലും വ്യാപിപ്പിക്കണം.



# കിലെയുടെ 40–ാം വാർഷിക ഉദ്ഘാടനം

## ഒരു അവലോകനം

1978ൽ രൂപീകൃതമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ 40–ാം മത് വാർഷികോദ്ഘാടനം വിവിധ പരിപാടികളോടെ 2018 മാർച്ച് 12ന് തിരുവനന്തപുരത്ത് വി.ജെ.ടി. ഹാളിൽ നടന്നു. വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ. “14 @ 40 ” ശീർഷകത്തിൽ ആഘോഷിക്കുന്നതിന് നാന്ദികുറിക്കുന്നതായിരുന്നു ഈ പരിപാടി.

ഉദ്ഘാടനത്തിനു മുന്നോടിയായി അന്നേദിവസം പൂർവാഹനത്തിലും അപരാഹനത്തിലുമായി തൊഴിലാളികൾക്കുവേണ്ടി രണ്ടുസെമിനാറുകൾ സംഘടിപ്പിച്ചു. ‘‘ആഗോളവത്കരണവും തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളും” എന്ന വിഷയമായിരുന്നു ആദ്യത്തേത്. സെമിനാറിനു മുമ്പു നടന്ന ആമുഖയോഗത്തിൽ ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ് വി. ആർ. പ്രതാപൻ സ്വാഗതം ആശംസിച്ചു. ചെയർമാൻ വി. ശിവൻകുട്ടി ആമുഖ പ്രഭാഷണം നടത്തി. കിലെയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത അദ്ദേഹം തുടർന്നു നടത്താൻ പരിപാടിയിട്ടിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമായി സംസാരിച്ചു. സംഘടിത–അസംഘടിത മേഖലകളിലുള്ള തൊഴിലാളികളുടെ മക്കൾക്കായി സിവിൽ സർവീസ് ഉൾപ്പെടെയുള്ള കോച്ചിംഗ് ക്ലാസ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള കാര്യം അദ്ദേഹം സൂചിപ്പിച്ചു. തുടർന്നു നടന്ന സെമിനാറിൽ കെ. ചന്ദ്രൻ പിള്ള എക്സ്. എം.പി. മോഡറേറ്ററായിരുന്നു. പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ. രവിരാമൻ വിഷയാവതരണം നടത്തി. ഐ.എൻ.ടി.യു.സി. ജനറൽ സെക്രട്ടറിയും ദേശിയ പ്രവർത്തക സമിതി അംഗവുമായ വി.ജെ. ജോസഫ്, ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് കെ.കെ. വിജ





യകുമാർ, അഡീഷണൽ ലേബർ കമ്മീഷണർ എസ്. തുളസീധരൻ, എന്നിവർ സെമിനാറിൽ വിഷയാധിഷ്ഠിതമായി സംസാരിച്ചു.

ഉച്ചയ്ക്കുശേഷം 2.30 ന് നടന്ന രണ്ടാമത്തെ സെമിനാറിന്റെ വിഷയം പരമ്പാഗതവ്യവസായവും മാറുന്ന തൊഴിൽമേഖലയും പ്രശ്നങ്ങൾ പ്രതീക്ഷകൾ എന്നായിരുന്നു. മുൻ തിരുവനന്തപുരം മേയറും ട്രിഡ ചെയർമാനുമായ ജയൻബാബുസ്വാഗതം ആശംസിച്ച പ്രസ്തുത സെമിനാറിൽ എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി പത്മലോചനൻ മോഡറേറ്ററായിരുന്നു. ഐ.എൻ.ടി.യു.സി. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ജെ. ഉദയഭാനു വിഷയാവതരണം നടത്തി. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ സീനിയർ കൺസൾട്ടന്റ് ഡോ: എ.വി.ജോസ്, കയർഫെഡ് ചെയർമാൻ അഡ്വ: എൻ. സായ്കുമാർ എന്നിവർ സെമിനാറിൽ സംസാരിച്ചു.





വൈകിട്ട് 5 മണിക്ക് കിലെയുടെ 40–ാം വാർഷിക പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങു പൊതുസമ്മേളനവും നടന്നു. കിലെ ചെയർമാൻ വി. ശിവൻകുട്ടി സ്വാഗതമാശംസിച്ചു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ വി.കെ. രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. പ്ലാനിംഗ് ബോർഡ് മെമ്പർ കെ. രവിരാമൻ, എക്സി. കൗൺസിൽ അംഗങ്ങളായ ജോർജ്ജ് കെ. ആന്റണി, പി.കെ. അനിൽകുമാർ, കെ. മല്ലിക എന്നിവർ ആശംസാപ്രസംഗം നടത്തി. കിലെയുടെ അന്നത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എസ്. ബിജു കൃതജ്ഞത പറഞ്ഞു.

യോഗത്തിൽ സംസ്കൃതത്തിൽ പി.എച്ച്.ഡി. നേടിയ കെ.കെ. അജയകുമാർ, സിനിമാ നടനും പിന്നണി ഗായകനുമായ അരിസ്റ്റോ സുരേഷ് എന്നീ ചുമട്ടുതൊഴിലാളികൾക്ക് പാരിതോഷികം നൽകി മുഖ്യമന്ത്രിയും തൊഴിൽ മന്ത്രിയും ആദരിച്ചു. സെമിനാറിൽ തൊഴിലാളികൾ ഗാനാലാപനം നടത്തി. വിവിധ തൊഴിലാളി സംഘടനയിൽ നിന്നുമായി 582 പേർ സെമിനാറിലും ഉദ്ഘാടന സമ്മേളനത്തിലും പങ്കെടുത്തു.■





# കരളുറപ്പോടെ കേരളത്തെ ഉയർത്തുമ്പോൾ

മനോജ് കെ. പുതിയവിള

“കരളുറപ്പുള്ള കേരളം.” ന്യൂസ് 18 ചാനലിനുവേണ്ടി ജോയ് തമലം എഴുതിയ ഗാനത്തിലെ ഈ വാക്കുകൾ ഇന്നു കേരളത്തിന്റെ ടാഗ് ലൈൻ ആയിരിക്കുന്നു. സ്വകാര്യസ്ഥാപനങ്ങൾപോലും കേരളത്തിനായുള്ള അവരുടെ ക്യാമ്പയിനുകൾക്ക് ഈ ടാഗ് ലൈൻ ഉപയോഗിക്കുന്നു. ഈ ടാഗ് ലൈനിന്റെ ഊർജ്ജം ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയത്തെത്തുടർന്നു നാം കണ്ട ചരിത്രത്തിലെ ഏറ്റവും വലിയ, ത്യാഗോജ്ജ്വലമായ കൂട്ടായ്മയാണ്.

രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസത്തിലും കണ്ട അഭൂതപൂർവമായ ആ കൂട്ടായ്മ പകർന്ന ഊർജ്ജം പുനരധിവാസത്തിലും കേരളത്തിന്റെ പുനർനിർമ്മാണത്തിലും നിലനിർത്താൻ ആവേശവും ആത്മവിശ്വാസവും ആളിപ്പടർത്തിയ മറ്റൊരു വാക്യം കൂടി ഉണ്ട്. “കരഞ്ഞിരിക്കാൻ നാം തയ്യാറല്ല. നാം ഈ നാടിനെ ഉയർത്തുകതന്നെ ചെയ്യും!” ര

**ഈ നാടിനെ ഉയർത്താൻ നാമോരോരുത്തരും സ്വയം അർപ്പിക്കേണ്ട നാളുകളാണു മുന്നിൽ. അമേരിക്കൻ അണുബോംബു നീറ്റിയ ചാരത്തിൽനിന്നു ലോകസാമ്പത്തിക ശക്തിയായി കൊച്ചു ജപ്പാനെ പുനർരചിച്ച ഇച്ഛാശക്തി. ഒരു വിജിഗീഷുവിനും താഴ്ത്താനാകാത്ത ജീവിതത്തിന്റെ കൊടിപ്പടം നെഞ്ചിൽപ്പേറി ഈ കൊച്ചുകേരളവും പുതിയചരിത്രം രചിക്കാൻ പോകുകയാണ്.**



ക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ മത്സ്യത്തൊഴിലാളികളെ ആദരിക്കാൻ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ വാക്കുകളാണിത്. ഇന്നു കേരളത്തിന്റെ മുദ്രാവാക്യമാണിത്. കരുത്തുറ്റ ആത്മവിളംബരം.

കേരളം സ്വയം പുനർനിർവചിക്കുകയായിരുന്നു ഈ നാളുകളിൽ. അതാണു പ്രളയം 2018-ന്റെ ചരിത്രസംഭാവന. നമുക്കു തീരെ പരിചിതമല്ലായിരുന്ന പ്രകൃതിദുരന്തം, അതിൽപ്പെട്ട സഹോദരങ്ങളെ രക്ഷിക്കാൻ ജീവൻ പണയം വച്ചും നടത്തിയ ഐതിഹാസികമായ യജ്ഞം, ദുരന്തത്തിനിരയായവർക്കായി പട്ടിണിക്കുടുക്കപോലും പൊട്ടിച്ചുനല്കിയ മഹാമനസ്സുകൾ, രാപ്പകലില്ലാതെ അദ്ധ്വാനിച്ചു ദുരിതാശ്വാസക്യാമ്പുകളിൽ എന്നും ഓണമൊരുക്കിയവർ... ഇതെല്ലാം നാം കണ്ടും അനുഭവിച്ചും ബോദ്ധ്യപ്പെട്ടതാണ്. പ്രളയത്തെപ്പറ്റി നിരവധി റിപ്പോർട്ടുകളും ലേഖനങ്ങളുമെല്ലാം വന്നുകഴിഞ്ഞു. ആവർത്തിച്ചു വിരസത സൃഷ്ടിക്കേണ്ടതില്ല.

ഈ ഘട്ടത്തിൽ നാം ഗൗരവമായി ആലോചിക്കേണ്ട വിഷയങ്ങളിലൊന്ന് പ്രളയത്തെ അതിജീവിച്ചവരിൽ വലിയൊരു വിഭാഗത്തിന് ഉപജീവനമാർഗം നഷ്ടമായിരിക്കുന്നു എന്നതാണ്. അടിയന്തരമായി ശ്രദ്ധ ഊന്നേണ്ട മേഖലയാണിത്. നഷ്ടപ്പെട്ട തൊഴിലിൽ തിരിച്ചെത്താനുള്ള സാദ്ധ്യത, തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാനുള്ള സാദ്ധ്യത, പരിശീലിച്ച തൊഴിലിൽ തുടരാനുള്ള സാദ്ധ്യത കുറവാണെങ്കിൽ അനുയോജ്യമായ തൊഴിലുകൾ പരിശീലിപ്പിക്കാനും അവ ഉപജീവനമാർഗമായി മാറ്റാനുമുള്ള സാദ്ധ്യത, തൊഴിലെടുക്കാനാവാത്തവിധം തകരാറിലായ തൊഴിലിടങ്ങളും സ്ഥാപനങ്ങളും പുനഃസൃഷ്ടിക്കാനുള്ള സാദ്ധ്യത എന്നിവയെല്ലാം അടിയന്തരപ്രാധാന്യത്തോടെ പരിശോധിക്കേണ്ടതുണ്ട്.





നാം ഊന്നേണ്ട മറ്റൊരു രംഗം കേടുപാടുവന്ന വീടുകളുടെയും സ്ഥാപനങ്ങളുടെയും അവിടങ്ങളിലെ ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ അടക്കമുള്ള ഫർണിച്ചറിന്റെയും കേടുതീർത്ത് ഉപയോഗയോഗ്യമാക്കുക എന്നതാണ്. അതതുകാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ കഴിവതും സന്നദ്ധസേവകരായി ഏർപ്പാടാക്കി ആ ദൗത്യം അതിവേഗം പൂർത്തിയാക്കാൻ പ്രത്യേകകർമ്മപദ്ധതിയും കർമ്മസേനയും ആവിഷ്ക്കരിക്കാം. തൊഴിൽവകുപ്പ് ഈ രംഗത്തു വലിയ ഇടപെടൽ നടത്തുന്നുണ്ട്. ഇതു വായിക്കുന്ന ഓരോരുത്തരും സ്വന്തംനിലയിൽ ഈ പ്രസ്ഥാനത്തിൽ സന്നദ്ധസേവകരായി അണിനിരക്കുക എന്നതാണു കാലത്തിന്റെ വിളി. നാം മുന്നിട്ടിറങ്ങുക; ലോകമാകെ നമുക്കൊപ്പമുണ്ട്.

ഇന്നും ഹിമവാനിപ്പുറം പലർക്കും തിരിച്ചറിയാത്ത കേരളം, പക്ഷേ, ലോകത്തിന് എത്ര പ്രിയപ്പെട്ടതാണെന്നു നാം അനുഭവിച്ചറിയുകയാണ്. സഹായങ്ങൾ ഒഴുകുകയാണ്. കോടിക്കണക്കിനുരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിറയുന്നു. നീണ്ടെത്തുന്ന അനേകമനേകം നന്മക്കൈകൾ! തമ്മിൽക്കോർത്തു ചേർത്തുപിടിക്കുന്ന ആറരക്കോടി സ്നേഹക്കൈകൾ! നവകേരളത്തെപ്പറ്റിയുള്ള മഹാസ്വപ്നം! എല്ലാം ഇണക്കിച്ചേർത്ത് ആ സ്വപ്നസ്വർഗ്ഗം യാഥാർത്ഥ്യമാക്കാനുള്ള വൈഭവം! ...ഇതെല്ലാം ധാരാളമാണു നമുക്ക്. അതാണു കേരളം. ലോകത്തിനെന്നും മാതൃകാവിസ്മയങ്ങൾ തീർത്ത മാവേലിനാട്.



ഈ നാടിനെ ഉയർത്താൻ നാമോരോരുത്തരും സ്വയം അർപ്പിക്കേണ്ട നാളുകളാണു മുന്നിൽ. അമേരിക്കൻ അണുബോംബു നീറ്റിയ ചാരത്തിൽനിന്നു ലോകസാമ്പത്തികശക്തിയായി കൊച്ചുജപ്പാനെ പുനർരചിച്ച ഇച്ഛാശക്തി. ഒരു വിജിഗീഷുവിനും താഴ്ത്താനാകാത്ത ജീവിതത്തിന്റെ കൊടിപ്പടം നെഞ്ചിൽപ്പേറി ഈ കൊച്ചുകേരളവും പുതിയചരിത്രം രചിക്കാൻ പോകുകയാണ്. അതിജീവനത്തിന്റെ അതിശക്തമായ സർഗചേതന പുതിയ സർഗം തുടങ്ങുകയായി നക്ഷത്രശോഭയാർന്ന നവകേരളം. നമുക്കെല്ലാം കൈമെയ്മറന്ന് അതിൽ ഇറങ്ങി മുങ്ങാം.■



# ആഗോളവത്കരണവും ഉദാരവത്കരണവും
## തൊഴിലാളി ക്ഷേമ പശ്ചാത്തലത്തിൽ

**എം. ഷജീന**
എക്സിക്യൂട്ടീവ് ഡയറക്ടർ

ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങൾ കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെ കാലമായി പല രാജ്യങ്ങളും ഒരു വിട്ടുവീഴ്ചയുമില്ലാതെ നടപ്പാക്കിവരികയാണ്. 2008ൽ അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ട ബാങ്കിങ്ങ് പ്രതിസന്ധി പടർന്നുപിടിച്ച് ലോകത്തെയാകെ ബാധിച്ചു. അതിനുശേഷം വികസിത മുതലാളിത്ത ലോകത്തിനു പഴയ ഓജസ്സ് വീണ്ടെടുക്കാനായിട്ടില്ല. അതിന്റെ കൂടി ഫലമാണ് പൊതുവിൽ ലോകവ്യാപകമായി തൊഴിലില്ലായ്മ മൂർഛിച്ചത്. എന്നാൽ എല്ലാ രാജ്യങ്ങളിലും സ്ഥിതി ഒരേ രീതിയിലല്ല. തൊഴിലവസരങ്ങൾ ബോധപൂർവം സൃഷ്ടിച്ചുകൊണ്ട് പ്രതിസന്ധിയെ മറികടക്കാൻ ശ്രമിച്ച ഇടങ്ങളിൽ തൊഴിലില്ലായ്മ കുറയുകയും പൊതുസ്ഥിതി മെച്ചപ്പെടുകയും ചെയ്തു.

മുതലാളിത്തത്തിന്റെ സൃഷ്ടിയായ തൊഴിൽ രാഹിത്യ മടക്കമുള്ള പ്രതിസന്ധികളെ അതിന്റെ പാട്ടിനുവിടുകയാണ് ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റും മിക്ക സംസ്ഥാന ഗവൺമെന്റുകളും ചെയ്യുന്നത്. അതിൽനിന്നു വ്യത്യസ്തമായ സമീപനമാണ് കേരള സംസ്ഥാന സർക്കാരിന് ഉള്ളത്. അതിന്റെ ഭാഗമാണ് കൃഷി പൊതുവിലും, ജൈവകൃഷി പ്രത്യേകിച്ചും, വികസിപ്പിക്കാനുള്ള തീരുമാനം. കാർഷികോൽപന്ന സംസ്കരണം വിപുലമായി നടത്താനും പദ്ധതിയുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെയാകെ ലാഭത്തിലാക്കാനുള്ള നീക്കം ഇവയോട് ഒത്തുപോകുന്നതാണ്. ഐടി, ടൂറിസം മുതലായവയെ പ്രോത്സാഹിപ്പിക്കാനുള്ള നീക്കവും അതിന്റെ ഭാഗമാണ്.

ഇതിനുപുറമെയാണ് കിഫ്ബിയിൽ നിന്ന് പണം കണ്ടെത്തി പല വൻകിട പശ്ചാത്തല വികസന പദ്ധതികൾ നടപ്പാക്കാനുള്ള തീരുമാനം. ഖരമാലിന്യ സംസ്കരണം, നദി, കായൽ ഇവയിലെ അഴുക്ക് നീക്കി സംസ്കരിച്ച് അവയിലെ വെള്ളം മെച്ചപ്പെടുത്താനുള്ള നീക്കം മുതലായവയും ഉണ്ട്.

മേൽപറഞ്ഞവയെല്ലാം അരക്ഷിത തൊഴിലാളികളുടെ മാത്രമല്ല, പലതരം ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസവും പ്രവൃത്തി പരിചയവും ഉള്ളവരുടെ കൂടി തൊഴിലവസരങ്ങൾ ധാരാളം സൃഷ്ടിക്കും. ഗൾഫിൽനിന്ന് മടങ്ങിവരുന്നവർക്കടക്കം ഇവിടെ വിദ്യാഭ്യാസം നേടിയ വിവിധ അറിവും ശേഷിയും ഉള്ളവർക്കും തൊഴിൽ ലഭിക്കുന്നതിനു അത് ഇടയാക്കും.

അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിലിന്റെ എണ്ണത്തിൽ ഇതേ നില തുടരുകയോ കുറച്ചു കൂടുകയോ കുറയുകയോ ചെയ്യാം, മേൽപറഞ്ഞ സാഹചര്യത്തിൽ. ആരു വേല ചെയ്താലും ന്യായമായ കൂലി, സേവനവ്യവസ്ഥകൾ എന്നിവ ഉറപ്പുചെയ്യാൻ സംസ്ഥാന സർക്കാരിന് കഴിയും. തീർച്ചയായും ഒട്ടനവധി കേരളീയർക്കും പുതുതായി തൊഴിൽ ലഭിക്കും. അതിനു ഉതകുന്ന നയസമീപനമാണ് സർക്കാർ മുന്നോട്ടുവക്കുന്നത്.

മുതലാളിത്ത വ്യവസ്ഥയിൽ, വിശേഷിച്ച് ആഗോളവൽക്കരണ യുഗത്തിൽ, മുതലാളിമാർ തടിച്ചുകൊഴുക്കുകയും മറ്റുള്ളവർ വേല ചെയ്തും വേല കിട്ടാതെയും നരകിക്കുകയും ചെയ്യുന്ന സ്ഥിതി തുടരാതിരിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അത് സംസ്ഥാനത്തെ ഭൂരിപക്ഷം വരുന്ന ജനവിഭാഗത്തിന് ആശ്വാസമേകുമെന്നതിൽ തർക്കമില്ല.■





# കേരളത്തിലെ തൊഴിലും സ്വയംതൊഴിൽ അവസരങ്ങളും

**എം.എ. ജോർജ്ജ് ഫ്രാൻസിസ്**
ജോയിന്റ് ഡയറക്ടർ
എംപ്ലോയ്മെന്റ് വകുപ്പ് (കേരളം)

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരളത്തിൽ ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കാര്യമായ വളർച്ചാ നിരക്ക് കാണുന്നില്ല. രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. സിക്കിമും, ത്രിപുരയുമാണ് കേരളത്തിന് പിന്നിലുള്ള മറ്റ് രണ്ട് സംസ്ഥാനങ്ങൾ. കേരളത്തിലെ തൊഴിലില്ലായ്മ സംസ്ഥാന ജനസംഖ്യയുടെ 12.5 ശതമാനവും ദേശീയ ശരാശരി അഞ്ച് ശതമാനവുമാണ് എന്ന് സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കുന്നു.

ദാരിദ്ര്യ ലഘൂകരണ ഉപാധികളിൽ പ്രഥമസ്ഥാനം അർഹിക്കുന്നത് തൊഴിലിനാണ്. കേരളത്തിൽ അനൗദ്യോഗിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ് ഭൂരിഭാഗം പേരും, ഇതിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. 2018 മെയ് മാസത്തെ കണക്കനുസരിച്ച് കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 34.75 ലക്ഷത്തോളമാണ്. അതിൽ 12.8 ലക്ഷം പുരുഷന്മാരും 22 ലക്ഷം സ്ത്രീകളുമാണ്. മൊത്തം തൊഴിൽരഹിതരിൽ 63.2% സ്ത്രീകളാണ് എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. നൈപുണ്യത്തിന്റെ കുറവും നൂതനമേഖലകളിലുള്ള പരിചയക്കുറവുമാണ് യുവാക്കൾക്കിടയിൽ ഉയർന്ന തൊഴിലില്ലായ്മ നിലനിൽക്കുന്നതിന് ഒരു പ്രധാന കാരണമായി കണക്കാക്കിയിട്ടുള്ളത്. കൂടുതൽ മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ തൊഴിൽദായക പദ്ധതികളും നൈപുണ്യ വികസന പരിപാടികളും പുനഃരാവിഷ്കരിക്കേണ്ടതുണ്ട്.

സംഘടിത മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിൽ കുറഞ്ഞുവരുന്നതായാണ് സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നത്. 2000 വർഷത്തിൽ 12.26 ലക്ഷം തൊഴിലാളികളാണ് സംഘടിത മേഖലയിൽ പണിയെടുത്തിരുന്നതെങ്കിൽ 2018 മാർച്ച് മാസത്തെ

**അനുബന്ധം 1**

| ജില്ല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 188332 | 329817 | 518149 |
| കൊല്ലം | 134570 | 226432 | 361002 |
| ആലപ്പുഴ | 112996 | 174752 | 287748 |
| പത്തനംതിട്ട | 44557 | 74799 | 119356 |
| കോട്ടയം | 86726 | 136782 | 223508 |
| ഇടുക്കി | 42960 | 63584 | 106544 |
| എറണാകുളം | 122568 | 198910 | 321478 |
| തൃശ്ശൂർ | 94962 | 187304 | 282266 |
| പാലക്കാട് | 89875 | 147804 | 237679 |
| മലപ്പുറം | 96978 | 169147 | 266125 |
| കോഴിക്കോട് | 124097 | 240248 | 364345 |
| വയനാട് | 37281 | 58654 | 95935 |
| കണ്ണൂർ | 68725 | 133276 | 202001 |
| കാസർഗോഡ് | 31746 | 57779 | 89525 |
| **ആകെ** | **1276373** | **2199288** | **3475661** |



**ദാരിദ്ര്യ ലഘൂകരണ ഉപാധികളിൽ പ്രഥമസ്ഥാനം അർഹിക്കുന്നത് തൊഴിലിനാണ്. കേരളത്തിൽ അനൗദ്യോഗിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ് ഭൂരിഭാഗം പേരും, ഇതിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്.**

കണക്കനുസരിച്ച് 12.14 ലക്ഷമായി കുറഞ്ഞതായാണ് സൂചിപ്പിക്കുന്നത്. ഇതിൽ പൊതുമേഖലയിൽ 5.53 ലക്ഷം പേരും സ്വകാര്യ മേഖലയിൽ 6.6 ലക്ഷം പേരുമാണ് തൊഴിലെടുക്കുന്നവർ. എന്നാൽ പൊതുമേഖലയിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം 1.89 ലക്ഷമാണ്. അതായത് 34.5% മാത്രമാണ് സ്ത്രീ പങ്കാളിത്തം. എന്നാൽ സ്വകാര്യമേഖലയിൽ ആകെ പണിയെടുക്കുന്ന 6.6 ലക്ഷം തൊഴിലാളികളിൽ 3.36 ലക്ഷം പേർ സ്ത്രീ തൊഴിലാളികളാണ് (51%) അതായത് പുരുഷ തൊഴിലാളികളെക്കാൾ 1% കൂടുതലാണ് സ്ത്രീകൾ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സ്ഥിതിവിവരകണക്കനുസരിച്ച് 2018 മേയ് മാസം അവസാനം വരെ 34,75,661 തൊഴിൽ രഹിതരാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലും (5.2 ലക്ഷം പേർ) ഏറ്റവും കുറവ് കാസർഗോഡ് ജില്ലയിലുമാണുള്ളത്. (89525 പേർ). തൊഴിൽ രഹിതരിൽ രണ്ടും മൂന്നും സ്ഥാനം യഥാക്രമം കോഴിക്കോട്, കൊല്ലം ജില്ലകൾക്കാണ്. ജില്ല തിരിച്ചുള്ള തൊഴിൽ രഹിതരുടെ എണ്ണം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.

കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ 31.4 ലക്ഷം പേർ (90.2%) പത്താംക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. വിദ്യാഭ്യാസം നേടിയ വിവിധ വിഭാഗങ്ങളുടെ കണക്കുകൾ താഴെചേർക്കുന്നു. (അനുബന്ധം 2).

| വിഭാഗം | എണ്ണം |
|---|---|
| നിരക്ഷരർ | 893 |
| മെട്രിക്കിനു താഴെ | 335270 |
| മെട്രിക്ക് | 1963751 |
| ഇന്റർമീഡിയറ്റ് / പ്ലസ് 2/ പ്രീഡിഗ്രി | 799538 |
| ബിരുദം | 299909 |
| ബിരുദാനന്തരബിരുദം | 76300 |
| ആകെ | 3475661 |

2018 മെയ് മാസത്തെ കണക്കുകൾ അനുസരിച്ച് പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസം നേടിയവരുമായ തൊഴിൽ അന്വേഷകരുടെ എണ്ണം 2.72 ലക്ഷമാണ്. ഓരോ വർഷവും ഈ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നു.

2018 മെയ് മാസത്തിൽ വിവിധ വിഭാഗം പ്രൊഫഷണൽ / സാങ്കേതിക വിദ്യാഭ്യാസം നേടിയ തൊഴിൽ അന്വേഷകരുടെ എണ്ണം 2.72 ലക്ഷമാണ്. ഓരോ വർഷവും ഈ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നു.

2018 മേയ് മാസത്തിൽ വിവിധ വിഭാഗം പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസം നേടിയ തൊഴിൽ അന്വേഷകരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. (അനുബന്ധം 3).

| വിഭാഗം | എണ്ണം |
|---|---|
| എഞ്ചിനീയറിംഗ് | 41052 |
| മെഡിസിൻ | 4900 |
| അഗ്രിക്കൾച്ചർ | 1631 |
| വെറ്റിനറി | 349 |
| നിയമബിരുദം | 945 |
| എം.സി.എ | 3517 |
| എം.ബി.എ | 4559 |

| | |
|---|---|
| പി.ജി.ഡി.സി.എ | 2709 |
| ബി.എസ്.സി നഴ്സിംഗ് | 14171 |
| ബി.എസ്.സി ലാബ് ടെക്നീഷ്യൻ | 1379 |
| ബിരുദാനന്തര ബിരുദം (ആർട്ട്സ്) | 17933 |
| ബിരുദാനന്തര ബിരുദം (കൊമേഴ്സ്) | 10572 |
| ബിരുദാനന്തര ബിരുദം (ശാസ്ത്രം) | 17671 |
| മറ്റുള്ളവർ (പ്രൊഫഷണൽ വിഭാഗക്കാർ - സി.എ, ബി.എഫ്.എ, ബിഎൽ.ഐ എസ്.സി എന്നിവ) | 8266 |
| ഡിപ്ലോമ ഹോൾഡേഴ്സ് | 57182 |
| ഐ.ടി.ഐ വിദ്യാഭ്യാസം | 95984 |
| ആകെ | 2,72,810 |

2018 മേയ് അവസാനം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രത്യേക വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. (അനുബന്ധം 4)

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 619983 |
| പട്ടികവർഗം | 46163 |
| ഭിന്നശേഷിക്കാർ | 70359 |
| വിമുക്ത ഭടന്മാർ | 15777 |
| വിധവകൾ/ വിവാഹ മോചിതർ | 48230 |
| അവിവാഹിതരായ സ്ത്രീകൾ (കൂടുതൽ പ്രായം) | 8073 |
| മിശ്രവിവാഹിതർ (പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർ | 1979 |

2016 വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ സർക്കാർ മേഖലയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കുറയുന്നതായി കാണുന്നു. എന്നാൽ 2017 വർഷത്തിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തുകയുണ്ടായി. 2010 വർഷത്തിൽ 12643 പേർക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചപ്പോൾ 2017 അവസാന മാസത്തിൽ 11647 നിയമനങ്ങൾ നടന്നു. താത്ക്കാലിക ഒഴിവുകൾ പലതും ദിവസവേതനം, കരാർ നിയമനം എന്നിവ വഴി ഉദ്യോഗദായകൻ നേരിട്ട് നികത്തുന്നതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് കുറവുണ്ടാകുന്നു. (അനുബന്ധം 5)

### കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടന്ന നിയമനങ്ങൾ

| വർഷം | നിയമനം ലഭിച്ചവരുടെ എണ്ണം |
|---|---|
| 2010 | 12643 |
| 2011 | 12150 |
| 2012 | 11731 |
| 2013 | 8831 |
| 2014 | 8792 |
| 2015 | 10303 |
| 2016 | 10329 |
| 2017 | 11647 |

കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ദേശീയ നിരക്കിനേക്കാൾ ഇരട്ടിയാണ്. നിരവധി സ്ത്രീശാക്തീകരണ പദ്ധതികളും സ്വയം തൊഴിൽ പദ്ധതികളും നടപ്പിലാക്കിയെങ്കിലും സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ ഉയർന്നു നിൽക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

കേരളത്തിൽ തൊഴിൽ രഹിതരുടെ എണ്ണം വളരെ കൂടുതലാണെങ്കിലും സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം വർഷം തോറും കൂടി വരുന്ന സാഹചര്യവും കാണേണ്ടതുണ്ട്. ബംഗാൾ, ബീഹാർ, ഒഡീഷ, തമിഴ്നാട്, ആസ്സാം ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതലായി തൊഴിലാളികൾ കേരളത്തിലെത്തുന്നത്. വിവിധ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും 25 മുതൽ 30 ലക്ഷത്തോളം കുടിയേറ്റ തൊഴിലാളികൾ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. എങ്കിലും ശരിയായ കണക്കെടുപ്പ് പ്രക്രിയ ഇനിയും നടത്തേണ്ടതുണ്ട്. കൃഷി, കെട്ടിടനിർമ്മാണം, ഹോട്ടൽ വ്യവസായം, വ്യാപാരമേഖല, ഉൽപാദനം തുടങ്ങിയ മേഖലകളിലാണ് ഭൂരിപക്ഷവും തൊഴിലെടുക്കുന്നത് എന്ന് കാണാം. എറണാകുളം, വയനാട്, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നത്.

ഇന്ത്യയിലാദ്യമായി 1982ൽ കേരള സർക്കാരാണ് തൊഴിലില്ലായ്മ വേതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പ്രതിമാസം 120/- രൂപ തൊഴിൽ രഹിത വേതനമായി വിതരണം ചെയ്യുന്നു. 18 വയസ്സ് പൂർത്തിയായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരും 12000/- രൂപ കുടുംബവാർഷിക വരുമാനമുള്ളവർക്ക് 35 വയസ്സുവരെയാണ് വേതനത്തിന് അർഹതയുള്ളത്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഫണ്ട് വിതരണം നടത്തുന്നത്.

ഓരോ വർഷം കഴിയുംതോറും സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ കൂടി വരികയും പൊതുമേഖലയിൽ അവസരങ്ങൾ കുറഞ്ഞുവരികയും ചെയ്യുന്ന സാഹചര്യമണുള്ളത്. ബാങ്കിംഗ്, ഇൻഷുറൻസ്, കേന്ദ്രസംസ്ഥാന റിക്രൂട്ട്മെന്റ് ഏജൻസികളുടെ





**തൊഴിൽ രഹിതർക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംഘടിപ്പിക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതിയായ മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ യുവതീ യുവാക്കൾക്കായി സംഘടിപ്പിച്ചു വരുന്നു.**

ആവിർഭാവം, ആധുനികവൽക്കരണം എന്നിവ മൂലം പൊതുമേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും തൻമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കുറഞ്ഞു വരികയും ചെയ്ത സാഹചര്യത്തിൽ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് തൊഴിൽദായകരെയും തൊഴിൽ രഹിതരെയും ഒരേ വേദിയിൽ എത്തിച്ച് മികച്ച രീതിയിൽ തൊഴിൽ മേളകൾ- 'നിയുക്തി' എന്ന പേരിൽ എംപ്ലോയ്മെന്റ് വകുപ്പ് സംഘടിപ്പിച്ച് വരുന്നു.

2015 വർഷം മുതൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിക്കുക വഴി നിരവധി പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നേടാനായി. കഴിഞ്ഞ വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സ്വയം തൊഴിൽ പദ്ധതികൾ

കേരളത്തിൽ തൊഴിലില്ലായ്മയുടെ രൂക്ഷതയ്ക്ക് അൽപ്പമെങ്കിലും പരിഹാരമുണ്ടാക്കുക എന്ന ആശയം ഉൾക്കൊണ്ട് എംപ്ലോയ്മെന്റ് വകുപ്പുവഴി കഴിഞ്ഞ ഏതാനും വർഷങ്ങളായി നാല് സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. 30000 ലധികം സ്വയം തൊഴിൽ സംരംഭങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലുമായി നടന്നുവരുന്നു. ശരണ്യ, കൈവല്യ, കെസ്റു, ജോബ് ക്ലബ്ബ് എന്ന പേരുകളിലാണ് ഇവ അറിയപ്പെടുന്നത്.

| നിയുക്തി 2018 | | | | | |
|---|---|---|---|---|---|
| സ്ഥലം | പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | ഉദ്യോഗദായകരുടെ എണ്ണം | ഒഴിവുകൾ | ജോബ് | പ്ലേസ്മെന്റ് |
| തിരുവനന്തപുരം | 8195 | 103 | 8061 | 3460 | 1439 |
| എറണാകുളം | 9248 | 102 | 7084 | 4762 | 584 |
| കോഴിക്കോട് | 11600 | 93 | 6147 | 3650 | 1088 |
| ആകെ | 29043 | 298 | 21292 | 11872 | 3101 |

### ശരണ്യ

പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകൾക്കായി നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ "ശരണ്യ" പദ്ധതി വഴി വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിച്ചവർ, കാണാതായവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിത വനിതകൾ, ശയ്യാവലംബരായ ഭർത്താക്കന്മാരുള്ള സ്ത്രീകൾ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്.

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികളുടെ നാളിതുവരെയുള്ള കണക്കുകൾ

| പദ്ധതിയുടെ പേര് | ആകെ സംരംഭങ്ങൾ | വിഭാഗം | പ്രായപരിധി | വായ്പതുക | സബ്സിഡി | ആരംഭിച്ച വർഷം |
|---|---|---|---|---|---|---|
| ശരണ്യ | 19464 | പാർശ്വവത്ക്കരിക്ക പ്പെട്ട സ്ത്രീകൾ | 18-55 | 50,000/ | 50% | 2010 |
| കെസ്റു | 10007 | തൊഴിൽ രഹിതർ | 21-50 | 1,00,000/ | 20% | 1999 |
| ജോബ് ക്ലബ്ബുകൾ | 805 | യുവതീ-യുവാക്കൾ | 21-45 | 10,00,000/ | 25% | 2007 |
| കൈവല്യ | 631 | ഭിന്നശേഷിക്കാർ | 21-55 | 50,000/ | 50% | 2017 |

മേൽപ്പറഞ്ഞ സ്വയംതൊഴിൽ പദ്ധതികൾക്ക് പുറമേ മുതിർന്ന പൗരന്മാർക്കായി 2018 വർഷത്തിൽ ആരംഭിക്കുന്ന 'നവ ജീവൻ' പദ്ധതി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത 50 നും 65 നും ഇടയിൽ പ്രായമുള്ള പൗരന്മാർക്ക് 50000/- രൂപ വരെ 50% സബ്സിഡിയോടുകൂടി സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പലിശരഹിത വായ്പ നൽകുവാനും ഉദ്ദേശിക്കുന്നു.

## കൈവല്യ

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചയർത്തുവാൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കുന്ന "കൈവല്യ" പദ്ധതി വഴി സ്വയംതൊഴിൽ പദ്ധതികളും, സൗജന്യ മത്സര പരീക്ഷാ പരിശീലനവും വിജയകരമായി സംഘടിപ്പിച്ചുവരുന്നു.

## ജോബ് ക്ലബ്ബ്

തൊഴിൽ രഹിതർക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംഘടിപ്പിക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതിയായ മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് യുവതീയുവാക്കൾക്കായി സംഘടിപ്പിച്ചു വരുന്നു. ബാങ്കുവഴി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന പ്രസ്തുത സംരംഭങ്ങൾ 25% വരെ സബ്സിഡി സർക്കാർ നൽകിവരുന്നു.

## കെസ്റു

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്ക് മുഖാന്തിരം പരമാവധി 1 ലക്ഷം രൂപ വരെ വ്യക്തിഗത വായ്പ അനുവദിക്കുന്ന സ്വയം തൊഴിൽ പദ്ധതിയാണ് കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്).

## തൊഴിൽ മാർഗ നിർദേശവും, കരിയർ ഡെവലപ്മെന്റും

ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുള്ള സംസ്ഥാനം കേരളമാണ്. യോഗ്യതയുടെ കാര്യത്തിൽ മുൻപന്തിയിലാണെങ്കിലും മികച്ച തൊഴിൽ നേടിയെടുക്കുന്നതിൽ നമ്മുടെ യുവതീയുവാക്കൾ പിന്നിലാണ്. തൊഴിൽ നൈപുണ്യത്തിന്റെ കുറവും, ആത്മവിശ്വാസക്കുറവും, കമ്മ്യൂണിക്കേഷൻ സ്കില്ലിന്റെ കുറവും മൂലം മുന്തിയ തൊഴിലുകൾ നേടിയെടുക്കുന്നതിൽ മലയാളികൾ അടുത്ത കാലത്തായി പിന്നോക്കം പോയിട്ടുണ്ട്. മികച്ച കരിയർ കണ്ടെത്തുന്നതിനും, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ, വിദേശപഠനം, സ്കോളർഷിപ്പുകൾ എന്നിവ കണ്ടെത്തുന്നതിനും മലയാളികൾ ഇനിയും വളരെയേറെ മുന്നേറേണ്ടതുണ്ട്. കേരളത്തിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് തൊഴിൽ നേടിയെടുക്കുന്നതിന് ഇവരെ പ്രാപ്തരാക്കുന്നതിലേക്കായി എംപ്ലോയബിലിറ്റി സെന്ററുകളായും താലൂക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഗ്രാമീണ മേഖലയിലുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിക്കുക വഴിയും വലിയ ചുവടുവയ്പിന് എംപ്ലോയ്മെന്റ് വകുപ്പ് സജ്ജരായി കഴിഞ്ഞു. നിലവിൽ കേരളത്തിൽ 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളും 3 ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചു കഴിഞ്ഞു. വരും വർഷങ്ങളിൽ 14 ജില്ലകളിൽ പൂർണമായും എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് "മോഡൽ കരിയർ സെന്ററുകളും" ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിലെ 34 ലക്ഷം വരുന്ന തൊഴിൽ രഹിതരുടെ വിപുലമായ ഡാറ്റാ ബാങ്ക് തയ്യാറാകുകയും 2017 മുതൽ ഉദ്യോഗാർത്ഥികൾക്കുള്ള എല്ലാ സേവനങ്ങളും (രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് ചേർക്കൽ, പുതുക്കൽ) ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ ഡയറക്ടറേറ്റിന് കീഴിലുള്ള 104 ഓഫീസുകളും ഇ- ഓഫീസ് സംവിധാനം വഴി പൂർണ്ണമായി പേപ്പർലെസ് സംവിധാനത്തിലേയ്ക്കുള്ള ചുവടുമാറ്റത്തിലേയ്ക്കും തുടക്കം കുറിച്ചു കഴിഞ്ഞു.

2016 വർഷത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ "പൊതുജന സേവനങ്ങൾക്കായുള്ള നൂതന ആവിഷ്ക്കാരത്തിനുള്ള അവാർഡ്" എംപ്ലോയ്മെന്റ് വകുപ്പിന് ലഭിച്ചത് വഴി അടുത്ത കാലത്തായി നടപ്പിലാക്കിയ നവീന പദ്ധതികൾക്ക് ലഭിച്ച അംഗീകാരവും വിജയമായി കണക്കാക്കാം.■

2016 വർഷത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ "പൊതുജന സേവനങ്ങൾക്കായുള്ള നൂതന ആവിഷ്ക്കാരത്തിനുള്ള അവാർഡ്" എംപ്ലോയ്മെന്റ് വകുപ്പിന് ലഭിച്ചത് വഴി അടുത്ത കാലത്തായി നടപ്പിലാക്കിയ നവീന പദ്ധതികൾക്ക് ലഭിച്ച അംഗീകാരവും വിജയമായി കണക്കാക്കാം.

അനുമോദനം



# മുഖം മാറുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് മുഖ്യമന്ത്രിയുടെ അവാർഡ്



കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ ആവിർഭാവത്തിനും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും കരിയർ വികസന കേന്ദ്രങ്ങളുടെ രൂപീകരണത്തിനും ഈ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളുടെ അംഗീകാരത്തിനുമായാണ് മികച്ച വകുപ്പിന് നൽകുന്ന മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് വകുപ്പ് കരസ്ഥമാക്കിയത്.

**പി.കെ. ശങ്കരൻകുട്ടി**
മുൻ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ & കൺസൾട്ടന്റ്, കിലെ

ഉദ്യോഗാർത്ഥികളുടെ പേര് രജിസ്റ്റർ ചെയ്ത് തൊഴിലുടമകളുടെ ആവശ്യാനുസരണം തൊഴിൽ ലഭ്യതയ്ക്കനുസരിച്ച് ഇന്റർവ്യൂവിനായി അവരെ സ്പോൺസർ ചെയ്യുന്ന സ്ഥിരം പ്രക്രിയ നിലനിർത്തികൊണ്ടു തന്നെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളായും വിവിധയിനം സ്വയം തൊഴിൽ പദ്ധതികളുടെ ആവിഷ്ക്കാര സ്രോതസ്സുകളായും മാറി വരികയാണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ. പൊതുജന സേവനത്തിനായി വിവിധയിനം നൂതന സംരംഭങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വകുപ്പുകൾക്ക് മുഖ്യമന്ത്രിയുടെ അവാർഡ് സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പിന് ലഭിച്ചിരിക്കുന്നു. രണ്ടര ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശംസാപത്രവുമാണ് ഈയിടെ സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ



വച്ച് എംപ്ലോയ്മെന്റ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഏറ്റുവാങ്ങിയത്.

1945-ൽ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സർവീസിൽ നിന്നും പിരിച്ചയയ്ക്കപ്പെട്ട സൈനികരുടെ പുനർനിയമനങ്ങൾക്കായാണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് എന്ന പേരിൽ ഒരു വകുപ്പ് ഇന്ത്യയിലുടനീളം ആരംഭിച്ചത്. 1950മുതൽ ഈ വകുപ്പിന്റെ സേവനം ഇതരവിഭാഗം തൊഴിൽ രഹിതർക്കുമായി വിപുലപ്പെടുത്തി. തുടർന്ന് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര സർക്കാർ മേഖലാ ആഫീസുകൾ സ്ഥാപിച്ചു. 1956 ൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ നടത്തിപ്പും ഭരണചുമതയും അതാത് സംസ്ഥാനങ്ങൾക്ക് കൈമാറി. തൊഴിലിനായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ചേർത്ത് തൊഴിലുടമകൾക്ക് ലിസ്റ്റ് സ്പോൺസർ ചെയ്യുന്നതു കൂടാതെ മറ്റു ചില പ്രധാന പദ്ധതികളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് ഉണ്ട്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മാർഗ്ഗ ദർശനം ചെയ്യുന്ന കരിയർ ഗൈഡൻസ്. കരിയർ ഗൈഡൻസിന്റെ ഭാഗമായുള്ള കോച്ചിംഗ് ക്ലാസ്സുകൾ, എംപ്ലോയ് മാർക്കറ്റ് ഇൻഫർമേഷൻ ലഭ്യമാക്കുന്ന ജോലികൾ തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടും. ഇതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റും (VG) എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റും (EMI) പ്രവർത്തിച്ചു പോരുന്നു. സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന വിവിധയിനം തൊഴിൽസ്ഥാപനങ്ങൾ, അവിടെയുള്ള തൊഴിലാളികളുടെ എണ്ണം, അവരുടെ വിദ്യാഭ്യാസ യോഗ്യത, ആവശ്യത്തിനു സാങ്കേതികവും, തൊഴിലധിഷ്ഠിതവും തൊഴിൽ പരിചയവുമുള്ള തൊഴിലാളികൾക്ക് ക്ഷാമമുള്ള മേഖല തുടങ്ങിയവയെക്കുറിച്ചുമൊക്ക മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റ് സർവെ നടത്തി വിവരങ്ങൾ ശേഖരിച്ച് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന പ്ലാനിംഗ് ബോർഡിനും, കേന്ദ്ര പ്ലാനിംഗ് കമ്മീഷനും നൽകുന്നു. ഇവ തൊഴിൽ മേഖലകളെ സംബന്ധിച്ചുള്ള പഠനങ്ങൾക്കും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും ഉപയോഗപ്പെടുത്തി വരുന്നു.

**രണ്ടുപേർ മുതൽ അഞ്ചു പേർ വരെ സംയുക്തമായി നടത്തുന്ന സ്വയം തൊഴിൽ സംരംഭമാണ് മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്. 2 ലക്ഷം മുതൽ 10 ലക്ഷം വരെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കും. 25 ശതമാനമാണ് സബ്സിഡി. പരമാവധി സബ്സിഡി തുക 2 ലക്ഷം രൂപയാണ്.**

വൊക്കേഷണൽ ഗൈഡൻസിന്റെ ഭാഗമായി വിവിധ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യേക യൂണിറ്റുകൾ പ്രവർത്തിക്കുന്നതു കൂടാതെ വിവിധ സർവകലാശാലകളുടെയും എംപ്ലോയ്മെന്റ് വകുപ്പിന്റെയും സംയുക്തസംരംഭമായി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകൾ (UEI&GB) പ്രവർത്തിക്കുന്നു. കരിയർ ഗൈഡൻസ് കൂടാതെ വിവിധയിനം മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകളും ബ്യൂറോകൾ നടത്തുന്നുണ്ട്. 1971-ൽ അച്യുതമേനോൻ സർക്കാർ എംപ്ലോ




യ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തിയിരുന്ന ഒട്ടുമിക്ക ഒഴിവുകളും നിയമനിർമ്മാണത്തിലൂടെ പബ്ലിക് സർവീസ് കമ്മീഷന് വിട്ടു. 1978 വരെ സംസ്ഥാന പോലസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗവും, സബ് ഇൻസ്പെക്ടർ തസ്തികയും ഒഴിച്ചുള്ള താഴെ തട്ടിലുള്ള എല്ലാ സ്ഥിരം നിയമനങ്ങളും എംപ്ലോയ്മെന്റ് വകുപ്പിനായിരുന്നു. 1978-ൽ കെ.എം. മാണി ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ പോലീസ് വകുപ്പിലെ ഒട്ടുമിക്ക നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടു. പോലീസിലെ മ്യൂസിക് ബ്രാഞ്ച്, ടെക്നിക്കൽ ബ്രാഞ്ച്, കുക്ക് തുടങ്ങിയ തസ്തികകളിൽ ഇപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തിയിരുന്ന ഫയർ ആന്റ് റസ്ക്യൂ സർവീസിലെ ഫയർമാൻ തസ്തികകളും ഈയടുത്ത കാലത്തായി പി.എസ്.സി.ക്ക് വിടുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിലെ നിശ്ചിത നിലവാരത്തിലുള്ള എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തിയിരുന്നതിന് ഈ അടുത്ത കാലത്തായി മാറ്റം വന്നിരിക്കുന്നു. അവിടെയൊക്കെ ഒട്ടുമിക്ക സ്ഥാപനങ്ങളിലും ഇപ്പോൾ നേരിട്ടാണ് നിയമനം നടത്തുന്നത്. സംസ്ഥാന സർവീസിൽ പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകളും പി.എസ്.സി.യുടെ റിക്രൂട്ട്മെന്റ് പരിധിയിലേക്ക് വിട്ടിട്ടില്ലാത്ത ചുരുക്കം ചില തസ്തികകളുമൊഴിച്ചാൽ നിയമനമൊക്കെ നടത്തുന്നത് പബ്ലിക് സർവീസ് കമ്മീഷനാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സ്ഥിരം നിയമനങ്ങൾക്ക് ആദ്യമേ തന്നെയും താൽക്കാലിക നിയമനങ്ങൾക്ക് 1971 മുതലും പൂർണമായും സംവരണതത്വം പാലിച്ചുപോരുന്നു. സംസ്ഥാന സർവീസിലേക്ക് പരമാവധി 6 മാസം കാലാവധിയുള്ള താൽക്കാലിക നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തിയിരുന്ന ഒട്ടുമിക്ക സ്ഥിരം നിയമനങ്ങളും സംസ്ഥാന സർക്കാർ



പി.എസ്.സി.ക്ക് വിട്ട സാഹചര്യത്തിലും കേന്ദ്ര സർക്കാർ നേരിട്ടുനിയമനം നടത്താൻ തീരുമാനിച്ച് സാഹചര്യത്തിലുമാണ് സ്വയം തൊഴിൽ മേഖലയിലേക്ക് ഈ വകുപ്പ് പ്രവർത്തനം വ്യാപിപ്പിച്ചത്. ഇന്ന് കേരളത്തിലെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റുകൾ ശക്തമായി പ്രവർത്തിക്കുന്നു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റുകളുടെ ആവിർഭാവത്തിനും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും കരിയർ വികസന കേന്ദ്രങ്ങളുടെ രൂപീകരണത്തിനും ഈ മേഖലകളിലെ മികച്ച് പ്രവർത്തനങ്ങളുടെ അംഗീകാരത്തിനുമായാണ് മികച്ച വകുപ്പിന് നൽകുന്ന മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് വകുപ്പ് കരസ്ഥമാക്കിയത്.

## സ്വയംതൊഴിൽ പദ്ധതികൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽ രഹിതർക്കുവേണ്ടി നടപ്പാക്കിവരുന്ന നാലു സ്വയം തൊഴിൽ പദ്ധതികളാണ് കെസ്റു. മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ, ശരണ്യ, കൈവല്യ എന്നിവ. ഈ നാലു പദ്ധതികളിലേക്കുമുള്ള ഗുണഭോക്താക്കൾ അനുദിനം വർദ്ധിച്ചു വരുന്നു. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് എന്ന സ്വയം തൊഴിൽ പദ്ധതിയുടെ ഹ്രസ്വരൂപമാണ് കെസ്റു. എംപ്ലോ: എക്സ്ചേഞ്ചിൽ പേര് രജിസ്ററർ ചെയ്തിട്ട് 21 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്ക് ഇതിലേക്ക് അപേക്ഷിക്കാം. പരമാവധി 1 ലക്ഷം രൂപയാണ് വായ്പ തുക. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന വായ്പാതുകയുടെ 20 ശതമാനം തുക സബ്സിഡിയായി വകുപ്പ് നൽകും.

വനിതകൾക്ക് മാത്രമുള്ള സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും, മാരകമായ നിത്യരോഗങ്ങൾ കൊണ്ടും യാതന അനുഭവിക്കുന്ന ഭർത്താക്കന്മാരെ പരിചരിക്കുന്ന ഭാര്യമാർ എന്നിവർക്കായിട്ടാണ് വകുപ്പ് നേരിട്ട് നടത്തുന്ന ഈ സ്വയം തൊഴിൽ പദ്ധതി. പ്രായം 18 നും 55 നും മദ്ധ്യേ കുടുംബവാർഷിക വരുമാനം 2 ലക്ഷത്തിൽ കവിയാൻ പാടില്ല. പലിശ രഹിത വായ്പാതുക 50,000 (അൻപതിനായരം) രൂപയാണ് എങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ 1 ലക്ഷം രൂപ വരെ നൽകും.

പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതിയാണ് കൈവല്യ. 21 നും 55 നും മദ്ധ്യേയാണ് പ്രായപരിധി. വാർഷിക വരുമാനം 2 ലക്ഷത്തിൽ കവിയാൻ പാടില്ല. സ്വന്തമായി തൊഴിൽ ചെയ്യാൻ കഴിയാത്ത അംഗപരിമിതരെ സംബന്ധിച്ചിടത്തോളം അടുത്ത ബന്ധുവിനെ കൂടി ഉൾപ്പെടുത്തി വായ്പ നൽകുന്നതാണ്. വായ്പ തുക 50,000 (അൻപതിനായിരം) ആണെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ നൽകാം. വായ്പ തുകയുടെ അമ്പതു ശതമാനം സബ്സിഡിയായി നൽകും.





**കാലത്തിന്റെ മാറ്റമനുസരിച്ച് തൊഴിൽ രഹിതർക്കുവേണ്ടി ജനക്ഷേമകരമായ നൂതന സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വിജയം വരിച്ചു വരുന്ന എംപ്ലോയ്മെന്റ് വകുപ്പിന് സർക്കാർ നൽകുന്ന അംഗീകാരമാണ് മുഖ്യമന്ത്രിയുടെ അവാർഡ്. നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മുഖം മാറി വരുന്ന കാഴ്ചയാണ് ഇപ്പോൾ അനുഭവപ്പെടുന്നത്.**

വേറൊരു സ്വയം തൊഴിൽ പദ്ധതിയാണ് മൾട്ടിപർപ്പസ് ജോബ്ക്ലബുകൾ. രണ്ടു പേർ മുതൽ അഞ്ചു പേർ വരെ സംയുക്തമായി നടത്തുന്ന സ്വയം തൊഴിൽ സംരംഭമാണ് മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്. 2 ലക്ഷം മുതൽ 10 ലക്ഷം വരെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കും. 25 ശതമാനമാണ് സബ്സിഡി. പരമാവധി സബ്സിഡി തുക 2 ലക്ഷം രൂപയാണ്.

## എംപ്ലോയബിലിറ്റി സെന്ററുകൾ

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, നൈപുണ്യം തുടങ്ങിയവ വിലയിരുത്തി വിവധയിനം സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിച്ചെടുക്കുവാനും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കാനും തൊഴിലധിഷ്ഠിത പരിശീലനം നൽകാനും വേണ്ടിയാണ് എംപ്ലോയബിലിറ്റി സന്ററുകൾ പ്രവർത്തിക്കുന്നത്. 2012-13 മുതലാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി ആവിഷ്ക്കരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നടപ്പാക്കിയത്. തൊഴിലധിഷ്ഠിത പരിശീലനം അംഗീകൃത തൊഴിൽ സ്ഥാപനങ്ങൾ വഴിയാണ് നൽകുന്നത്. തൊഴിൽദായകരുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും യോഗ്യരായവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിലാണ് എംപ്ലോയ്ബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്.

## കരിയർ ഡവലപ്മെന്റ് സെന്ററുകൾ

ഉദ്യോഗാർത്ഥികൾക്ക് പ്രൊഫഷണൽ മികവ് പുലർത്താൻ ആവശ്യമായ പ്രീ ഇന്റർവ്യൂ പരിശീലനം, റസ്യൂം തയ്യാറാക്കൽ, നൈപുണ്യ പരിശീലനം, ജോലിക്കു വേണ്ടിയുള്ള മത്സര പരീക്ഷാ പരിശീലനങ്ങൾ തുടങ്ങിയവ നൽകലാണ് പുതിയതായി രൂപീകരിച്ച കരിയർ ഡെവലപ് സെന്ററുകളുടെ ലക്ഷ്യം. സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സെന്ററുകളിൽ നിന്ന് ലഭിക്കും. എംപ്ലോമെന്റ് ആഫീസറുടെ നേതൃത്വത്തിൽ മനഃശാസ്ത്ര വിദഗ്ദ്ധനായ കരിയർ കൗൺസിലറും ഇൻഫർമേഷൻ ടെക്നോളജിയിൽ മികവ് പുലർത്തുന്ന ഐ.ടി ആഫീസറും അടങ്ങിയ ടീമാണ് കരിയർ ഡെവലപ്മെന്റ് സെന്റുകളുടെ പ്രവർത്തനം മുന്നോട്ടു നയിക്കുന്നത്. വിഷയ വിദഗ്ദ്ധരെക്കൊണ്ടാണ് ക്ലാസ്സുകൾ നടത്തുന്നത്. നിലവിൽ കോഴിക്കോട് പേരാമ്പ്രയിലും പാലക്കാട് ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലുമാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്.

**2017 വരെ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ യോഗ്യതയുള്ളവരുടെ കണക്ക്**

| വിഭാഗം | ആകെ | സ്ത്രീകൾ |
|---|---|---|
| എഴുത്തും വായനയും അറിയാത്തവർ | 1025 | 657 |
| മെട്രിക്കുലേഷനു താഴെ | 344151 | 202505 |
| മെട്രിക്കുലേറ്റ്സ് | 1987678 | 1257456 |
| പ്ലസ്ടു | 782055 | 486199 |
| ബിരുദം | 252300 | 177181 |
| ആകെ | 3367209 | 2123998 |
| പ്രൊഫഷണൽ യോഗ്യത നേടിയവരും ബിരുദാനന്തര ബിരുദം നേടിയവരും | 122563 | 89594 |
| **ആകെ** | **3489772** | **2213592** |
| **പ്രൊഫഷണൽ യോഗ്യതക്കാരും ബിരുദാനന്തര ബിരുദം നേടിയവരും** | | |
| എഞ്ചിനീയർ (വിവിധ ബ്രാഞ്ചുകൾ) | 40090 | 25902 |
| ഡോക്ടർമാർ (വിവിധം) | 4083 | 2560 |
| മൃഗഡോക്ടർ | 296 | 214 |
| കൃഷി വിദഗ്ദ്ധർ | 1519 | 899 |
| നിയമം LLB/ LLM | 892 | 584 |
| എം.സി.എ | 3443 | 3003 |
| എം.ബി.എ. | 4241 | 2452 |
| പി.ജി.ഡി.സി.എ | 2464 | 3417 |
| ബി.എസ്.സി. നഴ്സിംഗ് | 13178 | 10886 |
| ബി.എസ്.സി. (എം.എൽ.ടി) | 1416 | 1085 |
| പി.ജി. ആർട്സ് | 16567 | 12952 |
| പിജി കോമേഴ്സ് | 10120 | 8123 |
| പിജി സയൻസ് | 16480 | 13124 |
| മറ്റുള്ളവർ | 7774 | 4393 |
| **ആകെ** | **122563** | **89594** |

## ഇ.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

എഴുത്തും വായനയും തുടങ്ങി ഉന്നത പ്രൊഫഷണൽ യോഗ്യതകൾ നേടിയിട്ടുള്ളവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയത് ഇ- സേവനങ്ങൾ നൽകുന്നതിനായി ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോ എക്സ്ചേഞ്ച് വഴിയുള്ള ഇ- സേവനങ്ങൾ എപ്പോഴും ലഭ്യമാണ്. എംപ്ലോ. എക്സ്ചേഞ്ചു വഴിയള്ള എല്ലാ സേവനങ്ങളും ഈ ഓൺലൈൻ പോർട്ടർ വഴി ലഭിക്കും.

കാലത്തിന്റെ മാറ്റമനുസരിച്ച് തൊഴിൽരഹിതർക്കുവേണ്ടി ജനക്ഷേമകരമായ നൂതന സംരംഭങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വിജയം വരിച്ചു വരുന്ന എംപ്ലോയ്മെന്റ് വകുപ്പിന് സർക്കാർ നൽകുന്ന അംഗീകാരമാണ് മുഖ്യമന്ത്രിയുടെ അവാർഡ്. നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മുഖം മാറി വരുന്ന കാഴ്ചയാണ് ഇപ്പോൾ അനുഭവപ്പെടുന്നത്.■



# ആവാസ് അഷ്വറൻസ് സ്കീം

# അതിഥിത്തൊഴിലാളികൾക്ക് ഇനി സൗജന്യ ചികിത്സ




**ലോകശ്രദ്ധ പിടിച്ചുപറ്റിയ ആവാസ് പദ്ധതി ഒരു വർഷം പിന്നിടുമ്പോൾ 3.19 ലക്ഷം തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തത്. ഒരു വർഷത്തിനകം അഞ്ചു ലക്ഷം പേരെ അംഗങ്ങളാക്കുകയായിരുന്നു ലക്ഷ്യം. ഇതുവരെ 3,22,000 നു മുകളിൽ പേരാണ് പദ്ധതിയിൽ അംഗങ്ങളായത്.**

**സി എഫ് ദിലീപ് കുമാർ**
പബ്ലിസിറ്റി ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

അതിഥിത്തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും അവരിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി ആവാസ് എന്ന പേരിൽ ഏർപ്പെടുത്തിയ ആവാസ് ഇൻഷ്വറൻസ് പദ്ധതി അഷ്വറൻസ് സ്കീമായി സംസ്ഥാനതലത്തിൽ നടപ്പിലാക്കിത്തുടങ്ങി. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി ടി.പി.രാമകൃഷ്ണൻ തിരുവനന്തപുരത്ത് ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തിയതോടെ പദ്ധതി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചു.

ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ തൊഴിലാളികൾക്കും സർക്കാർആശുപത്രികളിലൂടെ തന്നെ സൗജന്യചികിത്സ ലഭ്യമാക്കുകയാണ് അഷ്വറൻസ് പദ്ധതിയുടെ ലക്ഷ്യം. മെഡിക്കൽ കോളേജ് ആശുപത്രികൾ, റീജണൽ കാൻസർ സെന്റർ എന്നിവ ഉൾപ്പെടെ 56 സർക്കാർ ആശുപത്രികളാണ്





പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ചിസ് പ്ലസ് മാതൃകയിലുള്ള പദ്ധതിയനുസരിച്ച് സർക്കാർ ആശുപത്രികളിൽ സൗജന്യചികിത്സ ലഭിക്കും. ആശുപത്രികളിൽ കൗണ്ടർ സംവിധാനം ഏർപ്പെടുത്തൽ, ചികിത്സാചെലവ് നൽകൽ എന്നിവക്ക് ചിയാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കേരളത്തിലെത്തുന്ന മുഴുവൻ അതിഥിത്തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. 18നും 60നും ഇടയിൽ പ്രായമുള്ള മുഴുവൻ തൊഴിലാളികൾക്കും രണ്ടു ലക്ഷം രൂപയുടെ അപകടമരണ ഇൻഷൂറൻസും 15,000 രൂപയുടെ സൗജന്യചികിത്സാസഹായവും ലഭിക്കുന്ന പദ്ധതിയിൽ മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തുന്ന തരത്തിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ലോകശ്രദ്ധ പിടിച്ചുപറ്റിയ ആവാസ് പദ്ധതി ഒരു വർഷം പിന്നിടുമ്പോൾ 3.19 ലക്ഷം തൊഴിലാളികളെയാണ് രജിസ്റ്റർ ചെയ്തത്. ഒരു വർഷത്തിനകം അഞ്ചു ലക്ഷം പേരെ അംഗങ്ങളാക്കുകയായിരുന്നു ലക്ഷ്യം. ഇതുവരെ 3,22,000നു മുകളിൽ പേരാണ് പദ്ധതിയിൽ അംഗങ്ങളായത്. കേരളത്തിലുള്ള അതിഥിതൊഴിലാളികളുടെ കൃത്യമായ എണ്ണം കണ്ടെത്തുകയെന്ന ലക്ഷ്യവും ഇതിനുണ്ട്. മുഴുവൻ തൊഴിലാളികളെയും പദ്ധതിയിൽ കൊണ്ടുവരുന്നതിന് ട്രേഡ് യൂണിയൻ പ്രവർത്തകരും തൊഴിലുടമകളും സജീവമായി ഇടപെടണമെന്നും രജിസ്ട്രേഷൻ നടപടികളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും പങ്കാളികളാക്കണമെന്നും മന്ത്രി ടി.പി.രാമകൃഷ്ണൻ നിർദേശം നൽകിയിട്ടുണ്ട്.

അതിഥിതൊഴിലാളികൾക്കായി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകളും അപ്നാഘറുകളും ആരംഭിക്കും. തിരുവനന്തപുരത്ത് തമ്പാനൂരിലും പെരുമ്പാവൂരിലും ശ്രമിക് ബന്ധു എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം തുടങ്ങി. അതിഥി തൊഴിലാളികൾക്കായുള്ള അപ്നാഘർ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 640 പേർക്കുള്ള ഫ്ളാറ്റ് സമുച്ചയം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് താമസിയാതെ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിലും എറണാകുളത്ത് കളമശ്ശേരിയിലും തിരുവനന്തപുരത്തും അപ്നാഘർ നിർമ്മാണത്തിന് നടപടി ആരംഭിച്ചിട്ടുണ്ട്.

ഇതിനകം എട്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണാനന്തരധനസഹായമായി രണ്ടു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ 74 മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണക്യാമ്പുകളും സംഘടിപ്പിച്ചു കഴിഞ്ഞു.

തിരുവനന്തപുരം രാമചന്ദ്രൻ ടെക്സ്റ്റൈൽസിൽ സെയിൽസ് അസിസ്റ്റന്റായിരിക്കെ ജോലിക്കിടെ മരണപ്പെട്ട തമിഴ്നാട് തിരുനൽവേലി സ്വദേശി ജോൺ തോമസിന്റെ മക്കളായ ദേവദാസ്, ജഗദീഷ് എന്നിവർക്ക് മന്ത്രി ഓരോ ലക്ഷം രൂപയുടെ ചെക്ക് ചടങ്ങിൽ വച്ച് കൈമാറി.■




# കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

# മികവാർന്ന പ്രവർത്തനങ്ങൾ

**രഞ്ജിത് പി. മനോഹർ**
അഡീഷണൽ ലേബർ കമ്മീഷണർ &
മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള
തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാനത്തെ തയ്യൽ തൊഴിലാളികൾക്കും, തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുമായി 14.6.1994 തീയതിയിലെ 10784/ ലെഗ്-സി 3/92/നിയമം നമ്പർ ഉത്തരവ് പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന ആക്ട് നിലവിൽ വന്നു. ഈ നിയമപ്രകാരം തൊഴിലാളികളുടെ ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി 1995 ഒക്ടോബർ 6-ാം തീയതി (പി) 100/95/ തൊഴിൽനമ്പർ ഉത്തരവ് പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (1)-ാം വകുപ്പ് പ്രകാരം ഗവൺമെന്റ് നിയമിച്ച ബോർഡാണ് ഭരണപരമായ കാര്യങ്ങളുടെയും നിയമത്തിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന്റെ ചുമതലകൾ നിർവഹിക്കുന്നത്. തയ്യൽ തൊഴിലാളിക്ഷേമനിധി ഖണ്ഡിക 23 പ്രകാരം കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി പദ്ധതിയിൽ അംഗമായി ചേർന്ന് പണമടച്ചിട്ടുള്ള മുഴുവൻ തയ്യൽ തൊഴിലാളികളും നിലവിൽ കേരള തയ്യൽ തൊഴിലാളിക്ഷേമപദ്ധതിയുടെ കീഴിൽ ഉൾപ്പെടുന്നു. ബോർഡിന്റെ ചീഫ് ഓഫീസ് തിരുവനന്തപുരം പട്ടം, ഹൗസിംഗ് ബോർഡ് ബിൽഡിംഗിലുള്ള സി.ആർ. കോംപ്ലക്സിന്റെ 1-ാം നിലയിൽ പ്രവർത്തിച്ചുവരുന്നു. ബോർഡി

ന്റെ മുഖ്യ ഭരണാധികാരി ചീഫ് എക്സി ക്യൂട്ടീവ് ഓഫീസറാണ്. നിലവിൽ ജി. രാജമ്മ ബോർഡിന്റെ ചെയർപേഴ്സ ണും, സിന്ധു കെ.എസ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആണ്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസിനുകീഴിൽ 14 ജില്ലകളിലുമായി ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നു ണ്ട്.

യന്ത്രത്തിന്റെ സഹായത്തോടുകൂ ടിയോ അല്ലാതെയോ തയ്യൽ ജോലിയു ടെയോ, എംബ്രോയിഡറിയുടെയോ, ബന്ധപ്പെട്ട ജോലി ചെയ്യുന്നവരും, വേത നത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്നവ രും, തൊഴിലുടമയിൽ നിന്നും നേരിട്ടോ അല്ലാതെയോ വേതനം പറ്റുകയും ചെയ്യുന്ന ഏതൊരാളിനും ഒരു കരാറി ന്മേലോ, കരാറുകാരൻ മുഖാന്തിരമോ, ഏജന്റ് മുഖാന്തിരമോ നിയമിക്കപ്പെടു കയും തന്റെ ഉപജീവനത്തിനായി തയ്യൽ അല്ലെങ്കിൽ എംബ്രോയിഡറി ജോലിയെ ആശ്രയിച്ചുകഴിയുന്ന ഏതൊരാളും "തയ്യൽ തൊഴിലാളി" എന്ന വിഭാഗത്തിൽപ്പെടുന്നതാണ്. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തയ്യൽ തൊഴിലാളികൾക്കും അംഗമായി ചേരാവുന്നതാണ്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 804206 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. ബോർഡിന്റെ വരുമാനം ബോർ ഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങ ളിൽ നിന്നുള്ള അംശദായം, രജിസ്ട്രേ ഷൻ ഫീസ്, തൊഴിലുടമയിൽ നിന്നും ലഭിക്കുന്ന അംശദായം സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ്, ബാങ്ക് നിക്ഷേ പങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശ എന്നിവയാണ്.

സ്വയം തൊഴിലിൽ ഏർപ്പെട്ടിരി ക്കുന്ന അംഗങ്ങൾ അപേക്ഷയോടൊപ്പം 15/-രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്. എന്നാൽ തൊഴിലുട മയുടെ കാര്യത്തിൽ 5 തൊഴിലാളികൾ വരെ ജോലിയെടുക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസായി 100/- രൂപയും അതിന് മുകളിൽ ഓരോ തൊഴിലാ ളിക്കും 10/- രൂപ ക്രമത്തിൽ പരമാവധി 300/- രൂപ വരെ രജിസ്ട്രേഷൻ ഫീസായും നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

> **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം സ്വീകരിച്ച് 60 വയസ്സ് പൂർത്തിയാകുന്ന വർക്ക് പെൻഷൻ ആനുകൂല്യം നൽകിവരുന്നു. പെൻഷൻ അർഹതയുള്ള അംഗത്തിന്റെ മരണശേഷം നിയമാനുസൃത അവകാശിക്ക് മിനിമം പെൻഷൻ തുക കുടുംബ പെൻഷനായി അനുവദിക്കുന്നു.**

എന്നാൽ തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കാര്യത്തിൽ ഓരോ തൊഴിലാളിയു ടേയും വിഹിതമായി 10/- രൂപയും, തൊഴിലുടമയുടെ വിഹിതമായി 5/- രൂപയും ചേർത്ത് 15/- രൂപ തൊഴിലു ടമ അടയ്ക്കേണ്ടതാണ്. ഈ തുക അട യ്ക്കാനുള്ള ബാധ്യത തൊഴിലുടമയ്ക്കു ള്ളതാണ്. ഇപ്രകാരം തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും സ്വ രൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് അംഗ ങ്ങളായി ചേരുന്ന തൊഴിലാളികൾക്ക് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്ക രിച്ച് നടപ്പിലാക്കുക. എന്നതാണ് ബോർഡിന്റെ ഉദ്ദേശ്യം.

## ബോർഡിന്റെ പ്രവർത്തനങ്ങൾ

പദ്ധതിയുടെ 18-ാം ഖണ്ഡിക 1 മുതൽ 3 വരെയുള്ള നിയമത്തിലും പദ്ധ തിയിലും പറഞ്ഞിരിക്കുന്ന ആനുകൂല്യ ങ്ങൾ ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ തൊഴിലാളികളും ഫണ്ടിൽ പേര് രജി സ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജി



സ്ട്രേഷൻ നടത്തിയ അംഗങ്ങൾ പതിമാസം 20/- രൂപ നിരക്കിൽ 240/- രൂപ വർഷാനുസരണം അംശദായ ഇനത്തിൽ ബോർഡിലേയ്ക്ക് ഒടുക്കേണ്ടതാണ്. നിലവിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറൈസേഷൻ നടത്തിയതിന്റെ ഭാഗമായി ഓരോ തൊഴിലാളിക്കും അവരുടെ പേരിൽ ബാങ്കുമായി ബോർഡ് അനുവദിച്ചിട്ടുള്ള വെർച്വൽ അക്കൗണ്ടിലേയ്ക്ക് ഏത് ബാങ്ക് മുഖേനയും NEFT പ്രകാരം അംശദായം ഒടുക്കാവുന്നതാണ്. ഇത്തരത്തിൽ ഒടുക്കുന്ന അംശദായം കൃത്യമായും തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വ നമ്പരിൽ ബോർഡ് സോഫ്റ്റ് വെയർ മുഖേന വരവ് വയ്ക്കുന്നു. ടി വിവരങ്ങൾ തൊഴിലാളിക്കും പരിശോധിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് അക്കൗണ്ടുള്ള ഏത് ബാങ്ക് മുഖേനയും, അക്ഷയകേന്ദ്രങ്ങൾ മുഖേനയും, കൂടാതെ ഓൺലൈൻ പേ-മെന്റ് ഗേറ്റ്‌വേ വഴി 365 ദിവസവും 24 മണിക്കൂറും അംശാദായം ഒടുക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ട്രേഡ് യൂണിയനുകൾക്ക് തൊഴിലാളികളുടെ അംശാദായം ഓൺലൈനായി ഒടുക്കി നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായ ഒടുക്ക്, ആനുകൂല്യ വിതരണം, ആനുകൂല്യ അപേക്ഷകൾ സമർപ്പിച്ചതിന്റെ വിവരങ്ങൾ എന്നിവയുടെ അറിയിപ്പുകൾ എസ്.എം.എസ്. ആയി നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. നിലവിൽ രജിസ്ട്രേഷൻ അപേക്ഷകൾ അക്ഷയകേന്ദ്രങ്ങൾ മുഖേനയും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മറ്റെല്ലാ ആനുകൂല്യ അപേക്ഷകളും അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഓൺലൈനായി സമർപ്പിക്കുന്നതിന്റെ സൗകര്യം 2018-19 സാമ്പത്തിക വർഷം ആദ്യം തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് തൊഴിലാളികൾ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച് മൂന്നാമത്തെ പ്രവൃത്തി ദിവസത്തിനുള്ളിൽ അംഗത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യ തുക നൽകുന്നതിനുള്ള നടപടികൾ 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തികരിക്കുന്നതാണ്. ബോർഡിന്റെ കമ്പ്യൂട്ടർ വൽകരണനടപടികൾ പൂർണമായും പൂർത്തിയാകുമ്പോൾ ബോർഡിന്റെ എല്ലാ സേവനങ്ങളും തൊഴിലാളികളുടെ വീടിന് സമീപത്ത് തന്നെ ലഭ്യമാക്കുന്നതാണ്.

**സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങൾ അപേക്ഷയോടൊപ്പം 15 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്. എന്നാൽ തൊഴിലുടമയുടെ കാര്യത്തിൽ 5 തൊഴിലാളികൾ വരെ ജോലിയെടുക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസായി 100 രൂപയും അതിന് മുകളിൽ ഓരോ തൊഴിലാളിക്കും 10 രൂപ ക്രമത്തിൽ പരമാവധി 300 രൂപ വരെ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.**



കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ തയ്യൽ തൊഴിലാളിയായി രജിസ്റ്റർ ചെയ്ത് അംശാദായം മുടക്കം കൂടാതെ അടച്ചുവരുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി പദ്ധതി പ്രകാരം വിവാഹം, പ്രസവം, സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം തുടങ്ങി വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. അംശാദായ കുടിശ്ശിക വരുത്താതെ 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ബെനിഫിറ്റും പ്രതിമാസ പെൻഷനും ലഭിക്കുന്നതിനും മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന സ്ഥായിയായ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്ക് അവശതാ പെൻഷനും നൽകിവരുന്നു.

## ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം സ്വീകരിച്ച് 60 വയസ്സ് പൂർത്തിയാകുന്നവർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നുണ്ട്. പെൻഷൻ അർഹതയുള്ള അംഗത്തിന്റെ മരണശേഷം നിയമാനുസൃത അവകാശിക്ക് മിനിമം പെൻഷൻ തുക കുടുംബ പെൻഷനായി അനുവദിക്കുന്നു.

സ്ഥായിയായ അവശതമൂലം ജോലി ചെയ്യാൻ കഴിയാത്ത 3 വർഷ കാലയളവിൽ കുറയാതെ ജോലി ചെയ്ത തയ്യൽ തൊഴിലാളിക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിരിക്കുന്ന 60 വയസ്സ് പൂർത്തിയായ തയ്യൽ തൊഴിലാളികൾക്കും അവശത പെൻഷൻ അനുവദിക്കുന്നുണ്ട്.

നിധിയിലെ ഒരു അംഗത്തിനോ അയാളുടെ കുടുംബത്തിനോ പരമാവധി 25,000/- രൂപവരെ മൊത്ത തുകയായി, അംഗത്തിന് മാരകമായ അപകടമോ, മരണമോ സംഭവിക്കുന്ന പക്ഷം അനുവദിക്കുന്നുണ്ട്. ഹൃദയം, വൃക്ക എന്നിവ സംബന്ധമായ രോഗം മൂലമോ, ക്യാൻസർ, ബ്രയിൻട്യൂമർ, തളർവാതം തുടങ്ങിയ മാരകരോഗങ്ങൾ മൂലമോ ചികിത്സയ്ക്കായോ, ഗുരുതരമായ ശസ്ത്രക്രിയക്കായോ പരമാവധി 5000/- രൂപയും ക്ഷയം, കുഷ്ഠം, ആസ്മ, തളർവാതം തുടങ്ങിയ മാരകമല്ലാത്ത അസുഖങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 1000/- രൂപയും നൽകുന്നു.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം നേടിയ തൊഴിലാളികളുടെ കുട്ടികൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സ്കോളർഷിപ്പും ക്യാഷ് അവാർഡും വിതരണം ചെയ്യുന്നുണ്ട്. ഐ.റ്റി.ഐ. ഡിപ്ലോമ എന്നീ കോഴ്സുകൾ മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ 600-5000 രൂപ സ്കോളർഷിപ്പായി അനുവദിച്ച് വരുന്നു.

തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം പുരുഷന്മാർക്ക് 1000 രൂപയും സ്ത്രീകൾക്ക് 2000 രൂപയും പ്രസവ ധനസഹായം 2000 രൂപയും ബോർഡിൽ നിന്ന് നൽകിവരുന്നു.

## ബോർഡിൽ നിന്നും അനുവദിച്ച ആനുകൂല്യങ്ങൾ

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിഞ്ഞ 7 വർഷ കാലയളവിൽ മാത്രം ഒരു ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി നാൽപ്പത്തി ആറ് തൊഴിലാളികൾക്ക് 64,86,93,858 രൂപ (അറുപത്തിനാല് കോടി എൺപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി അൻപത്തി എട്ട് രൂപ) വിവിധ ആനുകൂല്യങ്ങൾക്കായി വിതരണം ചെയ്തിട്ടുള്ളതും പെൻഷൻ ഇനത്തിൽ മാത്രം (അവശതാ പെൻഷൻ ഉൾപ്പെടെ) നാൽപത്തി എട്ടായിരത്തി അറുനൂറ്റി അൻപത്തി മൂന്ന് പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതുമാണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2016 ജൂൺ മാസം മുതൽ പെൻഷൻ തുക 600/- രൂപയിൽ നിന്നും പ്രതിമാസം 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും 2017 ഏപ്രിൽ മാസം മുതൽ പെൻഷൻ തുക 1100/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ഈ ബോർഡിൽ നിന്നും 2018 മാർച്ച് മാസം വരെയുള്ള മുഴുവൻ പെൻഷൻകാർക്കും പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ മെയ് 2018 വരെയുള്ളവ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി മാനേജ്മെന്റ് സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുകയും ആയത് പ്രകാരം ബോർഡിന്റെ വിവിധ മേഖലയിലുള്ള പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി അന്തർദേശീയ നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഐ.എസ്.ഒ. (ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം) ചീഫ് എക്സിക്യൂട്ടീവ് ഓഫീസിനും തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിനും DIN EN ISO 9001:2015 - QMS 1217 020154 സർട്ടിഫിക്കേഷൻ ഡാക്സ് (ജർമ്മൻ അക്രഡിറ്റേഷൻ സെന്റർ യൂണിവേഴ്സൽ ജി.എം.ബി.റ്റി. വിൽഫ്രീഡ് ഡീക്ക്മൻ സ്ട്രീറ്റ്, ലൂനെൻ, ജർമ്മനി) എന്ന അന്തർദ്ദേശീയ സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.■



**ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2016 ജൂൺ മാസം മുതൽ പെൻഷൻ തുക 600/- രൂപയിൽ നിന്നും പ്രതിമാസം 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും 2017 ഏപ്രിൽ മാസം മുതൽ പെൻഷൻ തുക 1100/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്.**



# വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ്
# 73–ാം വർഷത്തിലേയ്ക്ക്

**വി. ശിവൻകുട്ടി**
ചെയർമാൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

1945 ഒക്ടോബർ 3 ന് പാരീസിലെ ഏതൻസിൽ വച്ചാണ് WFTU രൂപീകരിച്ചത്. ഈ വർഷം 73 സ്ഥാപകദിനമായാണ് ആചരിക്കുന്നത്. ലോകതൊഴിലാളി വർഗം നേരിടുന്ന വിവിധ വിഷയങ്ങൾ ഏറ്റെടുത്ത് ഉജ്ജ്വലമായ സമരങ്ങൾ WFTU നേതൃത്വത്തിൽ നടത്താറുണ്ട്.

എല്ലാവർക്കും സാമൂഹികസുരക്ഷ, സൗജന്യ ആരോഗ്യപരിരക്ഷ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ വിഷയങ്ങൾ ഉയർത്തിയാണ് ഈ വർഷത്തെ ദിനാചരണം WFTU സംഘടിപ്പിച്ചത്. സാമൂഹ്യ സുരക്ഷ എന്ന അവകാശം ഉയർത്തിക്കൊണ്ട് വിവിധ രാജ്യങ്ങളിലെ തൊഴിലാളികളെ WFTU എന്നും പിന്തുണച്ചുവന്നിട്ടുണ്ട്. ഉൽപാദനക്ഷമതയിൽ വൻ കുതിച്ചുകയറ്റം ഉണ്ടാകുന്ന രീതിയിൽ ശാസ്ത്രവും സാങ്കേതിക വിദ്യയും ഏറെ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകസാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ വൈദ്യസഹായം, ന്യായമായ പെൻഷൻ തുടങ്ങിയ അടിസ്ഥാനപരമായ അവകാശങ്ങളെ സംരക്ഷിക്കുന്ന സമ്പൂർണ്ണമായ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി എല്ലാ രാജ്യങ്ങളിലെ തൊഴിലാളിവർഗത്തിനും ലഭ്യമാക്കണം.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, വൈദ്യസഹായം, സാമൂഹ്യസേവനങ്ങൾ എന്നിവ ലഭിക്കുന്നതിനും, തൊഴിലില്ലായ്മയിൽ നിന്ന് സംരക്ഷണം ഉറപ്പാക്കുന്നതുമായ ഒരു ജീവിത നിലവാരം എന്നത് എല്ലാരുടെയും അവകാശമാണ്. ഇന്ത്യയിലെ ജനങ്ങളിൽ 77 ശതമാനത്തിനും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ






ദിവസേന ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. 42 ശതമാനം കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നില്ല. "ശക്തൻമാർമാത്രം അതിജീവിക്കട്ടെ" എന്ന കാടൻ നിയമത്തിനുമേൽ "ഏറ്റവും ദുർബലരായവരുടെ ക്ഷേമം എന്ന മാനുഷിക നിയമത്തിന് ആധിപത്യം ഉണ്ടാകണം. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ ഇന്നത്തെ ചൂഷകസാമൂഹ്യവ്യവസ്ഥ അടിമുടിമാറേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കാനുള്ള പോരാട്ടങ്ങളിൽ ഒത്തൊരുമയോടെ കൂടുതൽ തൊഴിലാളികളെ അണിനിരത്തിക്കൊണ്ട് നമുക്ക് മുന്നേറാം.■



# ഇരിപ്പിടം അവകാശം; നിയമഭേദഗതി പ്രാബല്യത്തിൽ



ജോലിക്കിടയിൽ ഇരിക്കാനും വിശ്രമിക്കാനുമുള്ള അവസരത്തിനായി വിവിധ കേന്ദ്രങ്ങളിൽ സ്ത്രീതൊഴിലാളികൾ സമരരംഗത്തിറങ്ങിയിരുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്താണ് ഇരിപ്പിടം നിയമപരമായ അവകാശമാക്കി മാറ്റി എൽഡിഎഫ് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്.

**സി എഫ് ദിലീപ് കുമാർ**
പബ്ലിസിറ്റി ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

സ്ത്രീതൊഴിലാളികളുടെ അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്തിയും ജോലിക്കിടയിൽ ഇരിക്കാൻ അവകാശം നൽകിയും കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിൽ സംസ്ഥാന സർക്കാർ വരുത്തിയ സുപ്രധാനഭേദഗതികൾ നിലവിൽ വന്നു.

എൽഡിഎഫ് സർക്കാരിന്റെ തൊഴിലാളിക്ഷേമനടപടികളിലെ സുപ്രധാന നാഴികക്കല്ലായാണ് ഈ നിയമഭേദഗതികൾ നിലവിൽ വന്നിരിക്കുന്നതെന്ന് തൊഴിലും നൈപുണ്യവും മന്ത്രി ടി പി രാമകൃഷ്ണൻ പറഞ്ഞു. നിയമഭേദഗതികൾ ഉടൻ നടപ്പാക്കുന്നതിന് തൊഴിലുടമകളോടും ഇതനുസരിച്ചുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് തൊഴിലാളികളോടും മന്ത്രി അഭ്യർഥിച്ചു. നിയമഭേദഗതികൾ പ്രാവർത്തികമാക്കാൻ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ അടിയന്തരനടപടി സ്വീകരിക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

വസ്ത്രശാലകളും ജ്വല്ലറികളും റസ്റ്റാറന്റുകളും അടക്കമുള്ള വ്യാപാരസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകൾ അടക്കമുള്ളവരുടെ ദീർഘകാലത്തെ ആവശ്യങ്ങളാണ് ചരിത്രം കുറിച്ച നിയമഭേദഗതിയിലൂടെ അംഗീകരിക്കപ്പെട്ടത്. സ്ത്രീകൾക്ക് അന്തസ്സ് ഉയർത്തിപ്പിടിച്ച് ജോലിചെയ്യാൻ കഴിയുന്ന തൊഴിലിടങ്ങൾ സൃഷ്ടിക്കുമെന്നും തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുമെന്നും എൽഡിഎഫ് സർക്കാരിന്റെ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിരാവിലെ മുതൽ വൈകീട്ട് ജോലി കഴിയുന്നതുവരെ അഞ്ചുമിനുട്ട് പോലും ഇരി

ക്കാൻ സ്ത്രീതൊഴിലാളികൾക്ക് അവകാശമുണ്ടായിരുന്നില്ല. അതികഠിനമായ തൊഴിൽസാഹചര്യമാണ് അവർ നേരിട്ടിരുന്നത്. ജോലിക്കിടയിൽ ഇരിക്കാനും വിശ്രമിക്കാനുമുള്ള അവസരത്തിനായി വിവിധ കേന്ദ്രങ്ങളിൽ സ്ത്രീതൊഴിലാളികൾ സമരരംഗത്തിറങ്ങിയിരുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്താണ് ഇരിപ്പിടം നിയമപരമായ അവകാശമാക്കി മാറ്റി എൽഡിഎഫ് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. പതിനായിരക്കണക്കിന് സ്ത്രീതൊഴിലാളികളുടെ അന്തസ്സും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്ന തീരുമാനമാണ് സർക്കാർ എടുത്തത്. തൊഴിലിടങ്ങളിൽ ഇരിപ്പിടം ലഭിക്കുന്നില്ലെന്ന് തൊഴിലാളികൾ ഏറെക്കാലമായി പരാതി ഉന്നയിച്ചുവരികയാണ്. നിയമഭേദഗതിയിലൂടെ ഇരിപ്പിടം അവരുടെ അവകാശമായി മാറി.

വൈകീട്ട് ഏഴുമുതൽ പുലർച്ചെ ആറ് മണിവരെ സ്ത്രീകളെ ജോലി ചെയ്യിക്കരുതെന്ന നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി വൈകീട്ട് ഒമ്പതു മണി വരെ സ്ത്രീതൊഴിലാളികളെ ജോലിക്ക് നിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം മതിയായ സുരക്ഷ, താമസസ്ഥലത്തേക്ക് യാത്രാസൗകര്യം എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് രാത്രി ഒമ്പതു മണി മുതൽ പുലർച്ചെ ആറു മണിവരെ സ്ത്രീകളെ അവരുടെ അനുവാദത്തോടെ ജോലിക്ക് നിയോഗിക്കാം. രാത്രി ഒമ്പതിനുശേഷം രണ്ട് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് തൊഴിലാളികൾ അടങ്ങുന്ന ഗ്രൂപ്പായി മാത്രമേ ജോലിക്ക് നിയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആഴ്ചയിൽ ഒരു ദിവസം കടകൾ അടച്ചിടണമെന്ന വ്യവസ്ഥ ഒഴിവാക്കി. ആഴ്ചയിൽ ഒരുദിവസം തൊഴിലാളികൾക്ക് അവധി നൽകണമെന്ന് വ്യവസ്ഥ ചെയ്തു. അപ്രന്റീസുകൾ ഉൾപ്പെടെ ഏത് സ്ഥാപനത്തിലും ജോലിചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികളെയും ഗസറ്റ് വിജ്ഞാപനം വഴി തൊഴിലാളി എന്ന നിർവചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി തൊഴിലാളി എന്ന പദത്തിന്റെ നിർവചനം വിപുലപ്പെടുത്തും.

നിയമലംഘനങ്ങൾക്കുള്ള പിഴ നിയമഭേദഗതിയിലൂടെ വർധിപ്പിച്ചു. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്കുള്ള പിഴ ഓരോ വകുപ്പിനും അയ്യായിരം രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർധിപ്പിച്ചു. നിയമലംഘനം ആവർത്തിക്കുന്നവർക്ക് ചുമത്തുന്ന പിഴ പതിനായിരം രൂപയിൽ നിന്ന് രണ്ടു ലക്ഷം രൂപയായി ഉയർത്തി. സ്ഥാപനത്തിൽ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിക്ക് 2500 രൂപ എന്ന ക്രമത്തിലായിരിക്കും പിഴ ഈടാക്കുക. കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമപ്രകാരം സ്ഥാപന ഉടമകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഇലക്ട്രോണിക് ഫോർമാറ്റിൽ സൂക്ഷിക്കാൻ ഉടമകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തെ തൊഴിൽസൗഹൃദവും നിക്ഷേപസൗഹൃദവുമായ സംസ്ഥാനമാക്കി മാറ്റാൻ തുടർച്ചയായ ഇടപെടൽ നടത്തിവരികയാണ്. തൊഴിലാളിക്ഷേമനടപടികളിലൂടെ കേരളത്തിൽ പുതിയ തൊഴിൽസംസ്കാരം ഉയർത്തിക്കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. തൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പുവരുത്തുന്നതിലും തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുന്നതിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും അഭിമാനകരമായ നേട്ടങ്ങളാണ് സംസ്ഥാനം കൈവരിച്ചത്.

**ആരോഗ്യകരമായ തൊഴിൽസംസ്കാരവും മെച്ചപ്പെട്ട തൊഴിലാളി–തൊഴിലുടമാബന്ധവും വളർത്തിയെടുക്കാൻ സർക്കാരിന് കഴിഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നു.**

സർക്കാരിന്റെ തൊഴിൽനയത്തിൽ സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. സ്ത്രീതൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ ശക്തമായ ഇടപെടൽ നടത്തുമെന്ന് തൊഴിൽനയത്തിൽ വ്യക്തമാക്കിയിരുന്നു. വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനസ്വഭാവമനുസരിച്ച് സ്ത്രീതൊഴിലാളികൾക്ക് മതിയായ യാത്രാസൗകര്യം ഒരുക്കുന്നതിനും, ആഴ്ച അവധി, വിശ്രമഇടവേള, എന്നിവ ഉറപ്പാക്കുമെന്നും ഇരിപ്പിടസൗകര്യം നിർബന്ധമാക്കുമെന്നും തൊഴിൽനയത്തിൽ പ്രഖ്യാപിച്ചതാണ്. ഈ പ്രഖ്യാപനങ്ങളാണ് ഇപ്പോൾ സർക്കാർ പ്രാവർത്തികമാക്കിയത്.

1960ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ മൂന്നരലക്ഷം സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 35 ലക്ഷം തൊഴിലാളികൾ നിയമത്തിന്റെ പരിധിയിൽ വരും.

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെ പരിധിയിൽവരുന്ന തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമവും അഭിവൃദ്ധിയും ലക്ഷ്യമാക്കി 2007ൽ അന്നത്തെ എൽഡിഎഫ് സർക്കാർ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളിക്ഷേമനിധി രൂപീകരിച്ചിരുന്നു. പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾക്കു പുറമെ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനസമ്മാനങ്ങളും ക്ഷേമനിധി ബോർഡ് നൽകുന്നുണ്ട്. 7,04,395 തൊഴിലാളികൾക്കാണ് നിലവിൽ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളത്.

ആരോഗ്യകരമായ തൊഴിൽസംസ്കാരവും മെച്ചപ്പെട്ട തൊഴിലാളി–തൊഴിലുടമാബന്ധവും വളർത്തിയെടുക്കാൻ സർക്കാരിന് കഴിഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നെത്തി കേരളത്തിലെ തൊഴിൽമേഖലയുടെ അവിഭാജ്യഘടകമായി മാറിയ അതിഥി തൊഴിലാളികൾ അടക്കം മുഴുവൻ തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാകവചമൊരുക്കിയ ഏകസംസ്ഥാനമാണ് കേരളം. അതേസമയം ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതും അമിതമായി കൂലി ആവശ്യപ്പെടുന്നതും ഉൾപ്പെടെയുള്ള അരാജകപ്രവണതകൾ നിയമം മൂലം തടയുകയും ചെയ്തു. എല്ലാ ട്രേഡ് യൂണിയനുകളുടെയും പിന്തുണയോടെയാണ് ഇത് സാധ്യമാക്കിയത്. രാജ്യത്ത് ഏറ്റവും ഉയർന്ന മിനിമം വേതനം നിലവിലുള്ള സംസ്ഥാനമാണ് കേരളം. സർക്കാർ അധികാരത്തിൽ വന്നശേഷം 26 മേഖലകളിൽ മിനിമം വേതനം പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയായ എല്ലാ മേഖലകളിലെയും മിനിമം വേതനം പുതുക്കാനുള്ള നടപടികൾ തുടരുകയാണ്.



# കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1958



**ദീപു ഫിലിപ്**
ഫെലോ (ലേബർ), കിലെ

കേരള സംസ്ഥാനത്തെ വ്യവസായശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ദേശീയ ഉത്സവ അവധികൾ ലഭിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള നിയമമാണ് കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1958. 12 മാസത്തിനുള്ളിൽ ഒരു ദിവസമെങ്കിലും ഇരുപതോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്തിട്ടുള്ള വ്യവസായ ശാലകളിലും കച്ചവട സ്ഥാപനങ്ങളിലും കൂടാതെ ഫാക്ടറികളിലും ഈ നിയമം ബാധകമാണ്. ജനുവരി 26, ആഗസ്റ്റ് 15, മേയ് 1, ഒക്ടോബർ 2 എന്നീ ദേശീയ അവധി ദിവസങ്ങളും ഈ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പരിശോധകൻ അംഗീകരിക്കുന്ന 9 ഉത്സവാവധി ദിനങ്ങളും തൊഴിലാളികൾക്ക് അവധിയായി ലഭിക്കും. തൊഴിലുടമ അവധിയായി നൽകാൻ ആഗ്രഹിക്കുന്ന ദിനങ്ങളുടെ പട്ടിക എല്ലാ വർഷവും നവംബർ മാസം 30-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഈ ലിസ്റ്റ് സ്ഥാപനത്തിലെ ട്രേഡ് യൂണിയനുകൾ ഉണ്ടെങ്കിൽ, ആ ട്രേഡ് യൂണിയനുകൾക്കും അല്ലാത്ത പക്ഷം സ്ഥാപനത്തിൻെറ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചും ആക്ഷേപങ്ങൾ സ്വീകരിച്ച് ഇരുകൂട്ടരുടെയും സാന്നിധ്യത്തിൽ ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി അംഗീകരിക്കുന്നതാണ്. ഇങ്ങനെ അംഗീകരിച്ച അവധി ലിസ്റ്റ് ഇരു കക്ഷികൾക്ക് നൽകേണ്ടതുമാണ്. അംഗീകരിച്ച അവധി ദിവസങ്ങളിൽ തൊഴിലാളിയെ ജോലി ചെയ്യിക്കേണ്ടി വന്നാൽ തൊഴിലുടമയ്ക്ക് അവധിദിനത്തിന് മുമ്പുള്ള 24 മണിക്കൂറിന് മുമ്പായി നോട്ടീസ് നൽകി തൊഴിലെടുപ്പിക്കാവുന്നതാണ്. ഈ നോട്ടീസിന്റെ പകർപ്പ് പരിശോധകന് നൽകേണ്ടതും സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഇങ്ങനെ പണിയെടുക്കുന്ന തൊഴിലാളിക്ക് ഇരട്ടി വേതനത്തോടൊപ്പം പകരം അവധി ദിനവും നൽകേണ്ടതാണ്. ദേശീയ ഉത്സവാവധി ദിനങ്ങൾ അനുവദിക്കാതിരിക്കുകയോ നിയമത്തിലെ അഞ്ചാം വകുപ്പ് ലംഘിക്കുകയോ ചെയ്താൽ 250/- രൂപ വരെ പിഴ ഈടാക്കാവുന്ന കുറ്റങ്ങളാണ്. പരിശോധകരെ തടസ്സപ്പെടുത്തുക നിയമത്തിൻ പ്രകാരമുള്ള നോട്ടീസുകൾ പ്രദർശിപ്പിക്കാതിരിക്കുക, രജിസ്റ്ററുകൾ, റിക്കാർഡുകൾ എന്നിവ പരിശോധകന് മുമ്പാകെ ഹാജരാക്കാതിരിക്കുക എന്നിവ മൂന്ന് മാസം വരെയുള്ള തടവോ, 500/- രൂപ വരെ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റങ്ങളാണ്.■

# വയനാടൻ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ ശാക്തീകരണം എങ്ങനെ നടപ്പിലാക്കാം



**പി. ജനാർദ്ദനൻ നായർ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
എംപ്ലോയ്മെന്റ് വകുപ്പ്

1980 ലാണ് വയനാട് ജില്ല രൂപീകൃതമാകുന്നത്. കണ്ണൂർ ജില്ലയിൽ ഉൾപ്പെട്ടിരുന്ന വടക്കൻ വയനാടും കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന തെക്കൻ വയനാടും ചേർന്നതാണ് വയനാട് ജില്ല.

പഴയകാലത്ത് വയനാട് (വയൽ നാട്) നെൽകൃഷിയിൽ സമ്പന്നമായിരുന്നു. ഈ പേരിനെ അന്വർത്ഥമാക്കുന്ന തരത്തിലാണ് ഇവിടുത്തെ പലസ്ഥലനാമങ്ങളും. ഉദാ: അമ്പലവയൽ, കാക്കവയൽ, നടവയൽ, കൊല്ലിവയൽ എന്നിങ്ങനെ.

വിവിധ ഗോത്രവിഭാഗങ്ങൾ, ജൈനർ, പഴമക്കാരായ മറ്റു വിഭാഗങ്ങളുടെ പിൻതലമുറക്കാർ എന്നിവർ ഇപ്പോഴും പാരമ്പര്യ നെൽവിത്തിനങ്ങളും/സുഗന്ധനെല്ലിനങ്ങളും കൃഷി ചെയ്യുന്നു. അമ്പതിലേറെ വ്യത്യസ്തങ്ങളായ നെല്ലിനങ്ങൾ ഇവിടെ പണ്ട് കാലത്ത് കൃഷി ചെയ്തിരുന്നു.

ആദിമകാലത്ത് ഗോത്രവിഭാഗങ്ങൾ തദ്ദേശീയമായ കാർഷിക വൃത്തി അവലംബിച്ച് സ്വതന്ത്രമായി ഭരിച്ചിരുന്ന സ്ഥലമായിരുന്നു വയനാട് എന്ന് കരുതപ്പെടുന്നു. 1940-കാലത്തിലെ മധ്യതിരുവിതാംകൂറിലെ കുടിയേറ്റത്തിനു മുമ്പു തന്നെ ജൈനമതക്കാർ (ഗൗഡർ) പിന്നെ ചെട്ടികളും (വയനാടൻ ചെട്ടി) ഇവിടെ താമസം ഉറപ്പിച്ചിരുന്നു.

വൈവിധ്യങ്ങളായ സസ്യമൃഗസമ്പത്തുള്ള - പശ്ചിമഘട്ട - നീലഗിരി മേഖലയിൽ ഉൾപ്പെട്ട വയനാടിന്റെ പരിസ്ഥിതി സംതുലനം കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഗോത്രവിഭാഗത്തിന്റെ നട്ടെല്ലായിരുന്ന കാർഷികവൃത്തി(നെൽകൃഷി ഉൾപ്പെടെ) ഇന്ന് നഷ്ടമായിരിക്കുന്നു. നെൽപാടങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് ഇവിടെ തോട്ടവിളകൾ വ്യാപകമാവുകയും (കാപ്പി, തേയില, ഏലം മുതലായവ) തദ്വാര നെൽകൃഷിയും, മറ്റുകാർഷിക വിളകളുടെ പ്രസക്തി നഷ്ടമാവുകയും ചെയ്തു. കൂടാതെ വ്യാപകമായ കുടിയേറ്റവും, നാണ്യവിളകളുടെ വ്യാപനവും പുതിയ ജന്മിത്ത വ്യവസ്ഥകളും പുറമെ നിന്നുള്ള സംസ്കാരങ്ങളുടെ സങ്കലനവും ഗോത്ര വിഭാഗങ്ങളുടെ അസ്ഥിത്വത്തിന് പോറലേൽപ്പിച്ചിട്ടുണ്ട്. പുതിയ കാർഷിക വ്യാവസായിക ജന്മിത്ത താൽപര്യങ്ങളുടെ സ്വാധീനത്താൽ ഗോത്രവിഭാഗങ്ങൾ പരമ്പരാഗതമായി കൈവശം വച്ചിരുന്ന ഭൂമി നഷ്ടപ്പെടുകയും ഒരു വിധത്തിൽ പറഞ്ഞാൽ ഈ വിഭാഗങ്ങൾ അടിമകളാക്കപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്.

വയനാട്ടിൽ ആകെ ജനസംഖ്യയുടെ 18% വരുന്ന ഗോത്രവിഭാഗങ്ങൾ ഇന്ന് അതിജീവനത്തിന്റെ തീഷ്ണതയിലൂടെ ജീവിക്കുന്ന വിഭാഗങ്ങളാണ്. "കുറിച്യർ" ഉൾപ്പെടുന്ന ഗോത്ര വിഭാഗങ്ങൾക്ക് ഒരു പരിധിവരെ കൃഷി ഭൂമിയും





ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി രാഷ്ട്രീയേതരമായ കാഴ്ചപ്പാടോടു കൂടി മറ്റു ജനവിഭാഗങ്ങൾക്കൊപ്പം മുന്നേറുന്നതിന് ആവശ്യമായ നേതൃത്വം നൽകുന്നതിന് വേണ്ട വ്യക്തിത്വങ്ങൾ ഈ വിഭാഗങ്ങളിൽ നിന്ന് ഇതുവരെ ഉയർന്നുവന്നിട്ടില്ല.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉണ്ടെങ്കിലും കാട്ടാനായ്ക്കർ ഉൾപ്പെടെയുള്ള ഭൂരിഭാഗം ഗോത്രവിഭാഗങ്ങളും, വിദ്യാവിഹീനരും, അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഇല്ലാത്തവരുമാണ്. കൃഷി ഭൂമിയോ, ജീവിതയായോധനത്തിന് ഉതകുന്ന തൊഴിലവസരങ്ങളോ ഇല്ല. തോട്ടം മേഖല, നിർമാണ മേഖല, കച്ചവടം, സേവന മേഖല, വ്യവസായം എന്നീ മേഖലകളിൽ ഇവരുടെ സാന്നിദ്ധ്യം തീരെകുറവാണ്. ഗോത്രേതര വിഭാഗങ്ങളുമായി മത്സരിച്ച് തൊഴിൽ കമ്പോളത്തിൽ സാന്നിധ്യം ഉറപ്പിക്കാൻ ഇവർക്ക് സാധിക്കുന്നില്ല.

തൊഴിൽ കമ്പോളത്തിൽ പിടിച്ചു നിൽക്കാനാവുന്നിവിധം, ശാസ്ത്രസാങ്കേതിക സേവന നിർമാണ മേഖലകളിൽ നൈപുണ്യ വികസന പദ്ധതികൾ ഇവർക്കായി ആരംഭിക്കേണ്ടതുണ്ട്.

ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി രാഷ്ട്രീയേതരമായ കാഴ്ചപ്പാടോടു കൂടി മറ്റു ജനവിഭാഗങ്ങൾക്കൊപ്പം മുന്നേറുന്നതിന് ആവശ്യമായ നേതൃത്വം നൽകുന്നതിന് വേണ്ട വ്യക്തിത്വങ്ങൾ ഈ വിഭാഗങ്ങളിൽ നിന്ന് ഇതുവരെ ഉയർന്നുവന്നിട്ടില്ല.

ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ കാലാകാലങ്ങളിൽ സർക്കാരുകളും മറ്റു ഏജൻസികളും പലവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും ഇവരിൽ നല്ലൊരു വിഭാഗം അധിവസിക്കുന്ന കോളനികളിൽ ഇന്നും അടിസ്ഥാന സൗകര്യങ്ങൾ പലതും ഇല്ല.

കൂടാതെ പട്ടികവർഗ വിഭാഗത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതോടൊപ്പം സാംസ്ക്കാരിക പ്രശ്നങ്ങളും പരിഹരിക്കപ്പെടണം. അവർക്കു വേണ്ടി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കപ്പെടണം. റിസർവ് വനമേഖലകളിൽ വിനവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ നിലവിൽ വരണം. പൊതുമേഖലകളിലും സ്വകാര്യ മേഖലകളിലുമുള്ള ജോലി സൗകര്യങ്ങൾ ഒരുക്കുന്നതിന് കർമപദ്ധതികൾ തയ്യാറാക്കണം. ഇവരുടെ ജോലി സാദ്ധ്യത/ അപ്രന്റീസ് ട്രെയിനിംഗ് സാദ്ധ്യത ഉറപ്പാക്കുന്നതിന് റസിഡൻഷ്യൽ ഐ.ടി.ഐകളും പോളിടെക്നിക്കുകളും ആരംഭിക്കണം. കൂടാതെ ജില്ലക്കകത്തുള്ള കോളേജുകളിൽ ഉപരിപഠനം നടത്തുന്നവർക്ക് കേന്ദ്രീകൃതമായി പഠന/ഭക്ഷണ സൗകര്യങ്ങളോടുകൂടി ഹോസ്റ്റൽ ആരംഭിക്കണം. അതിനോടനുബന്ധിച്ച് മത്സര പരീക്ഷകൾക്കുള്ള കോച്ചിങ്ങ് സെന്റർ (ലൈബ്രറി ഉൾപ്പെടെ) സംവിധാനം വേണം.

കൂടാതെ ഗോത്രവിഭാഗങ്ങളിലുള്ള സ്ത്രീകൾ, കൗമാരക്കാർ, കുട്ടികൾ എന്നിവർ പോഷകാഹാരക്കുറവ് മൂലം അനാരോഗ്യരാണ്. ഇതുമൂലം ജനിക്കുന്ന കുട്ടികളുടെ മരണനിരക്ക് കൂടുതലാണ്. ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഗർഭകാല പരിരക്ഷ എന്നിവയ്ക്ക് പദ്ധതികൾ വേണം. ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും അന്ധവിശ്വാസങ്ങൾ അല്ലെങ്കിൽ വിമുഖത കാരണം ആരോഗ്യ കേന്ദ്രങ്ങളിൽ പോകുന്നതിനും ഇവർ താൽപര്യം കാണിക്കുന്നില്ല.

ഇത്തരം പ്രശ്നങ്ങൾ - പരിഹരിക്കുന്നതിന് നമുക്ക് ആന്ധ്രപ്രദേശിലെ "ആരക്കൂ"(ARAKU) എന്ന സ്ഥലത്തെ ആദിവാസിമേഖലയിൽ (ഹിന്ദുപത്രം 29.7.18) പരീക്ഷണാർത്ഥം നടപ്പിലാക്കിയ പദ്ധതി പ്രകാരം ആരോഗ്യ പരിപാലന പദ്ധതികൾ 1179 ആദിവാസി സങ്കേതങ്ങളിൽ എത്തിക്കുകയും, ശിശു മരണം, പോഷകാഷാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനോടൊപ്പം രോഗപ്രതിരോധത്തിനും പ്രസവത്തിനും ഗോത്ര വിഭാഗങ്ങളെ ആരോഗ്യ കേന്ദ്രങ്ങളിലെത്തിക്കാനും പദ്ധതി നടത്തിപ്പുകാർക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ സവിശേഷത എന്ന് പറയുന്നത്, സാമൂഹ്യ സാംസ്ക്കാരിക പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ട് ഗോത്രവിഭാഗങ്ങളിൽ നിന്നും തന്നെയുള്ള പെൺകുട്ടികളെ തെരഞ്ഞെടുത്ത് ആക്സിലറി നഴ്സ് ട്രെയിനിംഗ് നൽകുകയും ഇത്തരം ട്രെയിൻഡ് നഴ്സുമാർ ഓരോ ഗോത്രഭവനങ്ങളും സന്ദർശിച്ച് ബോധ




വൽക്കരണം നടത്തി അടിസ്ഥാന ആരോഗ്യപരിപാലനം പോഷകാഹാര ക്കുറവുമൂലമുള്ള ശിശുമരണം എന്നീ വിഷയങ്ങളിൽ ഇടപെടൽ നടത്തുകയും തദ്വാര ശിശുമരണം തീരെ ഇല്ലാതാവുകയും ചെയ്തു.

വളരെ രസകരമായ വസ്തുത ഈ പദ്ധതി നിലവിൽ വന്നശേഷം ആദ്യമായി ഒരു ഗോത്ര വനിത ആശുപത്രിയിൽ ഒരു ട്രെയിൻഡ് നഴ്സിന്റെ സാന്നിധ്യത്തിൽ ശിശുമരണം ഇല്ലാതെ സുഖപ്രസവം നടത്തിയ സംഭവം ഹിന്ദുപത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇവിടെ കരണീയമായ കാര്യം സ്വന്തം സമുദായത്തിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരെ അവരിൽ ഒരാളായി കാണുകയും അവരെ വിശ്വാസത്തിൽ എടുത്ത് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഗോത്രവിഭാഗകാർക്ക് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. രോഗപ്രതിരോധത്തിനും പകർച്ച വ്യാധികൾ തടയുന്നതിനും വേണ്ടി ഈ പ്രദേശത്ത് ഒരു മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ "ടെലിമെഡിസിൻ സെന്റർ" പ്രവർത്തിക്കുന്നുണ്ട്.

വയനാട്ടിലെ ഗോത്രവിഭാഗങ്ങളുടെ ഉന്നതിക്കായി ഇത്തരം മാതൃകകൾ നമുക്കും സൃഷ്ടിക്കാവുന്നതാണ്. അതതു പ്രദേശത്തെ ഗോത്രവിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത പെൺകുട്ടികൾ സർക്കാർ സ്ഥാപനത്തിൽ ആക്സിലറി നഴ്സ്, ജനറൽ നഴ്സിംഗ് ട്രെയിനിംഗ് നൽകി സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യപോഷകാഹാര പരിപാലനരംഗത്തേക്ക് നിയോഗിക്കണം. ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി നിയോഗിക്കപ്പെട്ട ട്രൈബൽ വോളണ്ടിയർമാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇതിന് പകരം ഗോത്രവിഭാഗങ്ങളിൽപ്പെട്ട ഒരു നിശ്ചിത ശതമാനം യുവതി-യുവാക്കളെ തെരഞ്ഞെടുത്ത് (ബിരുദം, എം.എസ്. ഡബ്ല്യൂ, എം.ബി.എ. ബിടെക്, കംപ്യൂട്ടർ സയൻസ്, സൈക്കോളജി, നഴ്സിംഗ് മുതലായവ) അവർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി ഗോത്രവിഭാഗങ്ങളുടെ ഉന്നതവിദ്യാഭ്യാം, തൊഴിൽ നൈപുണ്യ വികസനം, നേതൃഗുണം എന്നീ മേഖലകളിൽ ഗോത്രവിഭാഗങ്ങളുടെ സമഗ്രവികസനത്തിനും പുരോഗതിക്കും വേണ്ടി ഒരു ടാക്സ് ഫോർസ് "ആരകു" മാതൃകയിൽ രൂപീകരിക്കാവുന്നതാണ്.

നെൽകൃഷിയുടെ രംഗത്തും അന്യം നിന്ന് പോകാവുന്ന 47 ഇനം പരമ്പരാഗതനെൽവിത്തുകൾ, സുഗന്ധനെല്ലിനങ്ങളുടെ ജീൻ ബാങ്ക്, ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ സൂക്ഷിപ്പുകാരനായ ഗോത്രവിഭാഗത്തിൽപ്പെട്ട ചെറുവയൽ രാമൻ (വയനാട്) രാജ്യത്തിനകത്തും പുറത്തും ധാരാളം പുരസ്ക്കാരങ്ങൾ നേടിയ വ്യക്തിയാണ്. ടിയാനെ ബ്രസീലിൽ നടക്കുന്ന ഒരു അന്താരാഷ്ട്ര സെമിനാറിലേക്ക് (എത്നോ, ബൈയോളജി, എത്നോ ഇക്കോളജി) ക്ഷണിക്കപ്പെട്ടിട്ടുണ്ട്. (ഹിന്ദു 4.8.18)

ഇവിടെ പണ്ട് സുഗന്ധ നെൽകൃഷി വ്യാപകമായിരുന്നു. ശ്രീ. ചെറുവയൽ രാമനെപ്പോലുള്ള വ്യക്തിത്വങ്ങളുടെ സഹായത്താൽ സുഗന്ധ നെൽകൃഷിയിലൂടെ ഗോത്രവിഭാഗങ്ങൾക്ക് തൊഴിലും കയറ്റുമതിയിലൂടെ സാമ്പത്തികനേട്ടവും പ്രതീക്ഷിക്കാം.

ഗോത്രവിഭാഗങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അമിതമായ അളവിലുള്ള 'മദ്യോപഭോഗം' അവരുടെ കർമശേഷിയേയും പുരോഗതിയേയും ബാധിക്കുന്നുണ്ട്. ഇതിന് ആവശ്യമായ ബോധവൽക്കരണവും കർമ പദ്ധതികളും ആവശ്യമാണ്.■



# കണ്ണില്ലാത്തവരുടെ ലോകത്തെ കണ്ണഞ്ചിപ്പിക്കുന്ന വിസ്മയങ്ങൾ

**സുരേഷ്കുമാർ കുന്നത്തൂർ**


വസ്ത്രവ്യാപാര ശാലകളിലും ജൂവലറികളിലും തൊഴിൽ ചെയ്യുന്നവർ അനുഭവിക്കുന്ന നരകയാതനകൾക്ക് ഒരു പരിധിവരെ കടിഞ്ഞാണിടുന്നനയമാണ് ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കിയത്. വേതന പരിഷ്കരണങ്ങൾ വന്നില്ലെങ്കിലും അവരും തൊഴിലാളികളാണെന്ന് അംഗികരിച്ചിരിക്കുന്നു. ഇരിക്കാൻ ഇരിപ്പിടം എന്നത് അവരുടെ അടിസ്ഥാന ആവശ്യമായി പോലും ആരും അംഗീകരിച്ചിരുന്നില്ല. രാവിലെ മുതൽ നിന്നു കൊണ്ടുള്ള ജോലി. ഇരുന്നുപോയാൽ മാനേജർമാരുടെ തുറിച്ചുനോട്ടവും തെറിവിളിയും. എതിർത്ത് പറയുന്നവർക്ക് പിറ്റേന്ന് ജോലി ഇല്ല. 3000/- രൂപ മുതൽ 7000/- രൂപ വരെയാണ് ഒരു മാസത്തെ ശമ്പളം. കണ്ണഞ്ചിപ്പിക്കുന്ന വിലക്കിഴിവിനു



> ലക്ഷങ്ങൾ വിലമതിക്കുന്ന ഡയമണ്ട് മാലകൾ സ്വന്തമാക്കാനെത്തുന്നവരുടെ പ്രൗഢികണ്ട്, കാതിൽ കമ്മലോ, ഒരു മൂക്ക് കുത്തിയോ ഇല്ലാത്ത സ്ത്രീകൾ, നഷ്ടബോധം ഉള്ളിലൊതുക്കി നെടുവീർപ്പിടുന്നു. വാങ്ങിക്കൂട്ടലുകളുടെ ആഘോഷങ്ങളിൽ, വാങ്ങാൻ കഴിവില്ലാത്തവന്റെ ദുഃഖം ആരു കാണാൻ?



**വേതന പരിഷ്കരണങ്ങൾ വന്നില്ലെങ്കിലും അവരും തൊഴിലാളികളാണെന്ന് അംഗികരിച്ചിരിക്കുന്നു. ഇരിക്കാൻ ഇരിപ്പിടം എന്നത് അവരുടെ അടിസ്ഥാന ആവശ്യമായിപോലും ആരും അംഗീകരിച്ചിരുന്നില്ല. രാവിലെ മുതൽ നിന്നു കൊണ്ടുള്ള ജോലി. ഇരുന്നു പോയാൽ മാനേജർമാരുടെ തുറിച്ചുനോട്ടവും തെറിവിളിയും. എതിർത്ത് പറയുന്നവർക്ക് പിറ്റേന്ന് ജോലി ഇല്ല. 3000 രൂപ മുതൽ 7000 രൂപ വരെയാണ് ഒരു മാസത്തെ ശമ്പളം. കണ്ണഞ്ചിപ്പിക്കുന്ന വിലക്കിഴിവിനു താഴെ കണ്ണുതുറക്കാത്ത മാനേജ്മെന്റും കണ്ണുനിറയ്ക്കുന്ന അനുഭവങ്ങളും.**



താഴെ കണ്ണുതുറക്കാത്ത മാനേജ്മെന്റും കണ്ണുനിറയ്ക്കുന്ന അനുഭവങ്ങളും. ഗർഭിണികളായ സ്ത്രീകൾ പോലും ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ പണിയെടുക്കേണ്ടിവരും. എവിടെയോ വായിച്ച ഒരു കഥയിലെ സന്ദർഭങ്ങൾ ഓർമയിലെത്തുന്നു. ജീവനുള്ള പ്രതിമയാകലായിരുന്നു അവളുടെ ജോലി. ചുണ്ടിൽ ചായം തേച്ച് അണിഞ്ഞൊരുങ്ങി പ്രതിമകളുടെ ഇടയിൽ. ഏറെ നേരം കഴിഞ്ഞപ്പോൾ അവളുടെ പിഞ്ചു കുഞ്ഞിന്റെ രൂപം മനസിൽ തെളിഞ്ഞു. അടുത്തേക്ക് ഇഴഞ്ഞുവരുന്ന കുഞ്ഞ്. അതിനെ മാറോടണയ്ക്കാൻ നെഞ്ച് വിങ്ങി. മുലപ്പാൽ ചുരന്നു. കണ്ണുകൾ നിറഞ്ഞൊഴുകി.

പകിട്ടാർന്ന പട്ടുവസ്ത്രങ്ങൾ നെയ്തെടുക്കുന്നവർ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കാൻ പാടുപെടുമ്പോൾ ഇടനിലക്കാരും കട ഉടമകളും കൊള്ള ലാഭം കൊയ്യും. മൾബറി ഇലകൾ തിന്നു കൊഴുത്ത പട്ടുനൂൽ പുഴുക്കൾ ലാഭക്കൊതിയന്മാരുടെ ചൂളകളിലേക്കും, അവിടെ നിന്നും വില്പനശാലകളിലേക്കും എത്തിച്ചേരും. നമ്മുടെ ആഘോഷങ്ങൾക്ക് പകിട്ടേകാൻ ഇവർ ചെയ്യുന്ന സേവനങ്ങൾ നാം കാണാറില്ല. ലക്ഷങ്ങൾ വിലമതിക്കുന്ന ഡയമണ്ട് മാലകൾ സ്വന്തമാക്കാനെത്തുന്നവരുടെ പ്രൗഢികണ്ട്, കാതിൽ കമ്മലോ, ഒരു മൂക്ക് കുത്തിയോ ഇല്ലാത്ത സ്ത്രീകൾ, നഷ്ടബോധം ഉള്ളിലൊതുക്കി നെടുവീർപ്പിടുന്നു. വാങ്ങിക്കൂട്ടലുകളുടെ ആഘോഷങ്ങളിൽ, വാങ്ങാൻ കഴിവില്ലാത്തവന്റെ ദുഃഖം ആരു കാണാൻ? ജീവിതത്തിന്റെ ഏറ്റവും സുന്ദരമായ നിമിഷമാണ് വിവാഹം. പുരുഷനും സ്ത്രീക്കും ഇത് ബാധകമാണ്. എന്നാൽ സ്ത്രീയുടെയും പുരുഷന്റെയും സ്വപ്നങ്ങൾ ആഭരണനിർമാതാക്കളും വസ്ത്രനിർമാതാക്കളും വിലയ്ക്കെടുത്തിരിക്കുകയാണ്. കഴുത്തൊടിയുന്ന തരത്തിൽ സ്വർണാഭരണങ്ങൾ അണിയുന്നവളാണ് നമ്മുടെ സങ്കല്പത്തിലെ കല്യാണപ്പെണ്ണ് വൻവ്യവസായികളുടെയും സിനിമാതാരങ്ങളുടെയും ജീവിത ശൈലികൾ നാം നെഞ്ചേറ്റി ലാളിക്കുകയാണ്. കമ്പോളവല്ക്കരണം ആദ്യം നമ്മുടെ മനസ്സുകളെയാണ് കീഴടക്കുന്നത്. പിന്നീടവർ അടുക്കള കയറുന്നു. പാചകമില്ലാത്ത അടുക്കളകൾ സുന്ദരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിന്റെ മൂല്യങ്ങളെയും മനുഷ്യമനസിന്റെ നന്മയെയും അവർ ചവറുകുട്ടകളിലേക്കെറിയുന്നു. മരങ്ങളും ചെടികളും പുഴകളും ഇല്ലാത്ത ഫ്ളാറ്റുകളുടെ ലോകം സൃഷ്ടിച്ച്, മനുഷ്യമനസ്സുകളിലാണ് മരുഭൂമികൾ സൃഷ്ടിക്കുന്നത്. പ്രകൃതി ഭംഗികൊണ്ടും മനുഷ്യനന്മകൊണ്ടും സമ്പന്നമായിരുന്നു നമ്മുടെ കൊച്ചുകേരളം. ഇന്ന് കേരളത്തിന്റെ ജനസംഖ്യ മൂന്നരക്കോടിയാണ്. നമുക്ക് മൂന്നുകോടി കാറുകളുണ്ട്. മൂന്നുകോടി കമ്പ്യൂട്ടറുകളുണ്ട്. മൂന്നുകോടി മൊബൈൽ ഫോണുകളുണ്ട്. കേരളത്തെ മാതൃകയാക്കാൻ പലരും കൊതിക്കുന്നു. നാം ആരെയാണ് മാതൃകയാക്കുന്നത്.■

# തൊഴിലാളികളുടെ മക്കളെ ആദരിക്കലും കരിയർ ഗൈഡൻസ് സെമിനാറും





**തിരുവനന്തപുരം** ജില്ലയിലെ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സിക്കും പ്ലസ്ടുവിനും എല്ലാ വിഷയങ്ങൾക്കും എ+ നേടിയവരെ കിലെ ആദരിച്ചു. 12/6/2018ന് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യാ ഹാളിൽ വച്ചാണ് ചടങ്ങ് സംഘടിപ്പിച്ചത്. ആദരിക്കൽ ചടങ്ങിനോടനുബന്ധിച്ച് അവർക്കായി ഒരു കരിയർ ഗൈഡൻസ് സെമിനാറും സംഘടിപ്പിച്ചു.

പരിപാടികൾ ബഹു:തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പു മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കിലെ ചെയർമാൻ വി. ശിവൻകുട്ടി അദ്ധ്യക്ഷതവഹിച്ചയോഗത്തിൽ കൗൺസിലർ ഐഷബക്കർ, കിലെ എക്സി: ഡയറക്ടർ എം. ഷജീന, എക്സി: കൗൺസിൽ അംഗം കെ. മല്ലിക ഫെലോ (എംപ്ലോയ്മെന്റ്) ബൈജുചന്ദ്രൻ എന്നിവർ സംസാരിച്ചു.

തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരീക്ഷയുൾപ്പെടെ ഉന്നതശ്രേണികളിലെത്താൻ ഉതകുമാറ് വിവിധ പരിശീലനപരിപാടികൾ കിലെയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പ്രതിപാദിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിച്ച 183 പേരെയും പ്ലസ്ടു പരീക്ഷയിൽ എ+ ലഭിച്ച 43 പേരെയും ചടങ്ങിൽ ആദരിച്ചു.

ഉദ്ഘാടന – അനുമോദനയോഗത്തിനുശേഷം നടന്ന കരിയർ ഗൈഡൻസ് സെമിനാറിൽ 'ഉപരിപഠനമാർഗനിർദേശം, വിദ്യാർത്ഥികളും സാമൂഹ്യനവമാധ്യമങ്ങളും', 'വിദ്യാർത്ഥികളും വ്യക്തിത്വവികസനവും' എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

# "തൊഴിൽ നയം നടപ്പിലാക്കൽ കാഴ്ചപ്പാടും ദൗത്യവും" – ശിൽപശാല



**സർക്കാരിന്റെ** തൊഴിൽ നയം നടപ്പിലാക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി "കാഴ്ചപ്പാടും ദൗത്യവും" എന്ന വിഷയത്തിൽ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ മുതലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു റെസിഡൻഷ്യൽ ശിൽപശാല 2018 ജൂൺ8,9 തീയതികളിൽ കോവളം കെ.ജെ.ജെ.എം. ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. പരിപാടി ചെയർമാൻ വി. ശിവൻകുട്ടി അദ്ധ്യക്ഷത വഹിക്കുകയും ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും ലേബർ കമ്മീഷണർ എ. അലക്സാണ്ടർ സ്വാഗതവും പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.രവിരാമൻ മുഖ്യപ്രഭാഷണവും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ കൺസൾട്ടന്റായ എ.വി. ജോസ് വിഷയാവതരണവും നടത്തി കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ എം. ഷജീന നന്ദി പറഞ്ഞു.

ശിൽപശാലയിൽ ഉദ്യോഗസ്ഥരെ 4 ഗ്രൂപ്പുകളാക്കി തിരിച്ച് തൊഴിൽ തർക്കങ്ങൾ, എൻഫോഴ്സ്മെന്റ്, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ, ബാലവേല നിർമാർജനം, ഭരണസംവിധാനം, തൊഴിൽ നിയമഭേദഗതി, ക്ഷേമനിധി ബോർഡുകൾ, അതിഥി തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖല, തൊഴിലാളി ശ്രേഷ്ഠ അവാർഡ്, എന്നീ വിഷയങ്ങളിലും കൂടാതെ ഒഡെപെക്, കിലെ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ചും ചർച്ച നടത്തുകയും മിനിറ്റ്സ് തയ്യാറാക്കി ലേബർ കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തു. പരിപാടിയിൽ 36 ഉദ്യോഗസ്ഥർ പങ്കെടുത്തു. പരിപാടി വളരെ അനിവാര്യവും മികച്ചതുമായിരുന്നുവെന്ന് പങ്കെടുത്ത ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.



# ഞാനും എന്റെ തൊഴിൽ നിയമങ്ങളും

## പുസ്തക ശ്രേണി


കിലെ-യുടെ പ്രവർത്തനങ്ങളിൽ മുഖ്യമായ ഒരിനമാണ് തൊഴിൽ സംബന്ധമായ പ്രസിദ്ധീകരണങ്ങൾ. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ധാരാളം പ്രസിദ്ധീകരണങ്ങൾ കിലെ ചെയ്തിട്ടുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് "ഞാനും എന്റെ തൊഴിൽ നിയമങ്ങളും" എന്ന പുസ്തക ശ്രേണി.


അതായത്, തൊഴിൽ നിയമങ്ങൾ സാധാരണക്കാർക്ക് എളുപ്പം മനസ്സിലാക്കി കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോ തൊഴിൽ നിയമങ്ങളും മലയാളത്തിൽ ഓരോ പതിപ്പായി പ്രസിദ്ധീകരിച്ച് വരുന്നു. നാളിതുവരെ ഇത്തരം ശ്രേണിയിൽ 6 പതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി തൊഴിലാളികൾക്ക് വിതരണം ചെയ്ത് വരുന്നു. കിലെയുടെ www.kile.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഇതിന്റെ പി.ഡി. എഫ് ഫയലുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. അടുത്ത രണ്ട് പതിപ്പുകളായി ഇ.എസ്.ഐ നിയമവും, മെറ്റേണിറ്റി നിയമവും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

താഴെകാണിച്ചിട്ടുള്ളവ പൂർത്തിയായ പതിപ്പുകളാണ്.

1. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമവും പദ്ധതികളും
2. തൊഴിൽ നൈപുണ്യവകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ 2016
3. കേരള ചുമട്ടുതൊഴിലാളി നിയമം, 1978
4. പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, 1972
5. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും പദ്ധതിയും
6. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസിലേനിയസ് പ്രൊവിഷൻസ് ആക്ട്, 1952











## 2018-19 വർഷം ഒക്ടോബർ വരെ നടത്തിയ പരിശീലന പരിപാടികൾ

| | *പരിപാടിയുടെ പേര്* | *തീയതി* | *വേദി* | *പങ്കെടുത്തവർ* | *എണ്ണം* |
|---|---|---|---|---|---|
| 1 | നേതൃത്വവികസനം പരിശീലനപരിപാടി | 2018 ഏപ്രിൽ 19, 20 | ഹോട്ടൽ ഗസാല പാലക്കാട് | തൊഴിലാളിസംഘടന പ്രതിനിധികൾ | 92 |
| 2 | കരിയർ മാർഗ നിർദ്ദേശ പരിശീലനം | 2018 മേയ് 21 | ഗവ.ഹൈസ്കൂൾ കുളത്തൂർ | തൊഴിലാളികളുടെ മക്കൾ | 96 |
| 3 | കമ്പ്യൂട്ടർ പരിശീലനം | 2018 മേയ് 30,31 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർ | 35 |
| 4 | സ്ത്രീ ശാക്തീകരണ പരിശീലന പരിപാടി | 2018 ജൂൺ 6,7 | കെ.റ്റി.ഡി.സി ഗോൾഡൻ പീക്ക് ഹോട്ടൽ, പൊൻമുടി | പ്ലാന്റേഷൻ മേഖലയിലെ വനിതാ തൊഴിലാളികൾ | 69 |
| 5 | തൊഴിൽ നയം നടപ്പിലാക്കൽ, കാഴ്ചപ്പാടും ദൗത്യവും ശിൽപശാല | 2018 ജൂൺ 8,9 | കെ.ജെ.ജെ.എം. ആനിമേഷൻ സെന്റർ, കോവളം തിരുവനന്തപുരം | തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ | 36 |
| 6 | ഉപരിപഠന മാർഗനിർദ്ദേശ പരിശീലനവും അനുമോദനവും | 2018 ജൂൺ 12 | ഒളിമ്പ്യാ ഹാൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾ | 232 |
| 7 | റോഡ് സുരക്ഷയും പൊതുജനസമ്പർക്കവും പരിശീലന പരിപാടി ഒന്നാംഘട്ടം | 2018 ജൂൺ 28 | ഹോട്ടൽ സാസ് ടവർ എറണാകുളം | കൊച്ചി മെട്രോയിലെ ഫീഡർ ഓട്ടോറിക്ഷ ഡ്രൈവർമാർ | 81 |
| 8 | റോഡ് സുരക്ഷയും പൊതുജന സമ്പർക്കവും പരിശീലന പരിപാടി രണ്ടാംഘട്ടം | 2018 ജൂൺ 29 | ഹോട്ടൽ സാസ് ടവർ എറണാകുളം | കൊച്ചി മെട്രോയിലെ ഫീഡർ ഓട്ടോറിക്ഷ ഡ്രൈവർമാർ | 45 |
| 9 | കമ്പ്യൂട്ടർ പരിശീലനം | 2018 ജൂൺ 29 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർ | 34 |
| 10 | കമ്പ്യൂട്ടർ പരിശീലനം | 2018 ജൂൺ 30 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫീഡർ ഓട്ടോറിക്ഷ ഡ്രൈവർമാർ | 34 |
| 11 | റോഡ് സുരക്ഷയും പൊതുജനസമ്പർക്കവും പരിശീലനപരിപാടി മൂന്നാം ഘട്ടം | 2018 ജൂലൈ5 | ഹോട്ടൽ സാസ് ടവർ എറണാകുളം | കൊച്ചി മെട്രോയിലെ ഫീഡർ ഓട്ടോറിക്ഷ ഡ്രൈവർമാർ | 69 |
| 12 | റോഡ് സുരക്ഷയും പൊതുജന സമ്പർക്കവും പരിശീലന പരിപാടി നാലാം ഘട്ടം | 2018 ജൂലൈ 6 | ഹോട്ടൽ സാസ് ടവർ, എറണാകുളം | കൊച്ചി മെട്രോയിലെ ഫീഡർ ഓട്ടോറിക്ഷ ഡ്രൈവർമാർ | 44 |
| 13 | കമ്പ്യൂട്ടർ പരിശീലനം | 2018 ജൂലൈ 6 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർ | 34 |
| 14 | കമ്പ്യൂട്ടർ പരിശീലനം | 2018 ജൂലൈ 7 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർ | 34 |

| | | | | |
|---|---|---|---|---|
| 15 വൊക്കേഷണൽ ഗൈഡൻസും ബന്ധപ്പെട്ട പദ്ധതികളും | ജൂലൈ 27, 28 | ഹോട്ടൽ സാസ് ടവർ എറണാകുളം | എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ | 27 |
| 16 Human Resource Development and Management (HRD & M- 2018 ശിൽപശാല | ജൂലൈ 30 | ഹാർമണി ഹാൾ മസ്ക്കറ്റ് ഹോട്ടൽ തിരുവനന്തപുരം | തൊഴിൽ വകുപ്പിലെയും എംപ്ലോയ്മെന്റ് വകുപ്പിലെയും ഉദ്യോഗസ്ഥർ | 29 |
| 17 ഇ-ഗവേണൻസ് പരിശീലന പരിപാടി | സെപ്റ്റംബർ 3, 4 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ട്രേഡ് യൂണിയൻ പ്രതിനിധികൾ | 70 |
| 18 ഇ-ഗവേണൻസ് പരിശീലന പരിപാടി | സെപ്റ്റംബർ 6, 7 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർ | 70 |
| 19 ഇന്റർനാഷണൽ ട്രേഡ് യൂണിയൻ നേതാക്കളുടെ നെറ്റ് വർക്കിംഗ് ശിൽപശാല | സെപ്റ്റംബർ 11 | ഹോട്ടൽ ഹൈസിന്ത് തിരുവനന്തപുരം | ഇന്റർനാഷണൽ ട്രേഡ് യൂണിയൻ നേതാക്കൾ | 164 |
| 20 കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പരിശീലന പരിപാടി | സെപ്റ്റംബർ 14, 15 | സെന്റർ ഫോർ വാട്ടർ അതോറിറ്റി, വെള്ളയമ്പലം തിരുവനന്തപുരം | എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ | 35 |
| 21 കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പരിശീലന പരിപാടി | സെപ്റ്റംബർ 17, 18 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തൊഴിൽ, എംപ്ലോയ്മെന്റ്, ട്രെയിനിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ | 33 |
| 22 തേയിലതോട്ടം മേഖലയും, തൊഴിൽ പ്രതിസന്ധിയും, പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും – ശിൽപശാല | സെപ്റ്റംബർ 28, 29 | എമറാൾഡ് വൈൽഡ് വെസ്റ്റ് റിസോർട്ട്, മുത്തങ്ങ, സുൽത്താൻബത്തേരി | തൊഴിലാളി സംഘടനാ പ്രതിനിധികൾ, തോട്ടം മാനേജ്മെന്റ് പ്രതിനിധികൾ, റ്റീ ബോർഡ് പ്രതിനിധി, പ്രമുഖ പത്രങ്ങളുടെ ലേഖകർ | 27 |
| 23 കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പരിശീലന പരിപാടി | ഒക്ടോബർ 04 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ട്രേഡ് യൂണിയൻ പ്രതിനിധികൾ | 37 |
| 24 കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പരിശീലന പരിപാടി | ഒക്ടോബർ 05 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ട്രേഡ് യൂണിയൻ പ്രതിനിധികൾ 37 | |
| 25 ഇ-ഗവേണൻസ് പരിശീലന പരിപാടി | ഒക്ടോബർ 05, 06 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിലെ ജീവനക്കാർ 35 | |
| 26 സ്വയം തൊഴിൽ പദ്ധതികൾ – പരിശീലന പരിപാടി | ഒക്ടോബർ 11, 12 | ഹോട്ടൽ സാസ് ടവർ, എറണാകുളം | എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ | 35 |
| 27 വിവര സാങ്കേതിക വിദ്യ – പരിശീലന പരിപാടി | ഒക്ടോബർ 16, 17 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | സംസ്ഥാനതല തൊഴിലാളി യൂണിയൻ പ്രതിനിധികൾ | 27 |
| 28 കമ്പ്യൂട്ടർ പരിശീലന പരിപാടി | ഒക്ടോബർ 30, 31 | സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ വെള്ളയമ്പലം തിരുവനന്തപുരം | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ വിവിധ തൊഴിലാളി യൂണിയനിൽപ്പെട്ട മിനിസ്റ്റീരിയൽ ജീവനക്കാർ | 20 |

# കിലെ നടത്തിയ വിവിധ സെമിനാർ/ശിൽപശാല/പരിശീലന പരിപാടികളിൽനിന്നും





























# തൊഴിലാളികളുടെ സുഹൃത്ത്

## കിലെ ന്യൂസ് KILE NEWS




കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
പ്രസിദ്ധീകരണം

**മലയാളത്തിലും ഇംഗ്ലീഷിലും**




ലേഖനങ്ങൾ
കിലെയുടെ പ്രവർത്തന വിവരങ്ങൾ
നിയമങ്ങളും പദ്ധതികളും
വകുപ്പ് വിവരങ്ങൾ
കഥകൾ, കവിതകൾ തുടങ്ങി വിവിധ പംക്തികൾ

Published by Executive Director, Kerala Institute of Labour & Employment (KILE), Thozhil Bhavan, Vikas Bhavan PO, Thiruvananthapuram 695 033
Phone: 0471 2309012, 2307742. Fax: 2308947. email: kiletvm@gmail.com, web: www.kile.kerala.gov.in, Facebook: Kile Tvm
Printed at Orange Printers, Thiruvananthapuram